www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol.1 Issue 5 May. 1 - 15, 2006



*യാക്കോബായ സഭയുടെ ദേവാലയങ്ങൾ പരി. ഗീവറുഗീസ് സഹദായുടെ ഓർമ്മ മേടമാസത്തിൽ കൊണ്ടാടുന്നു. പരി. സഹദായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*

## സമുദായകേസ് ജൂലൈ 12 ന് സുപ്രീം കോടതി പരിഗണിക്കും

സമുദായകേസ് ജൂലൈ 12 ന് സുപ്രിംകോടതിയുടെ പരിഗണനയ്ക്ക് വരും. ബഹു. ഹൈക്കോടതി വിധിക്കെതിരെ മെത്രാൻകഷികൾ സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസുകളാണ് കോടതി പരിഗണിക്കുന്നത്. ഇതുകൂടാതെ ദിദിമോസ് കാതോലിക്കബാവാ മലങ്കരമെത്രാപ്പോലിത്താ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിനെ ചോദ്യം ചെയ്തുകൊണ്ട് മെത്രാൻ കക്ഷികൾ നൽകിയ അപേക്ഷയും, മാതൃസഭയിലേയ്ക്കു തിരികെ വന്ന അഭിവന്ദ്യ ഏബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലിത്തായെ തങ്ങളുടെ പക്ഷത്തുള്ള മെത്രാപ്പോലിത്തന്മാരുടെ പേരുകളുടെ കൂട്ടത്തിൽ നിന്നും മാറ്റണമെന്ന അപേക്ഷയും കോടതിയുടെ മുൻപാകെ ഉണ്ട്.

കേസ് നടത്തിപ്പിൽ മെത്രാൻകക്ഷികൾ വളരെ ആശയക്കുഴപ്പം നേരിടുകയാണ്. മുൻപ് അവരുടെ കേസിന്റെ ചുമതല വഹിച്ചിരുന്നത് അഡ്വ. കെ. ജോർജ്ജ് (കോട്ടയം) അഡ്വ. സി.റ്റി. ജോസഫ് (എറണാകുളം) അഡ്വ. നരിമാൻ (ഡൽഹി) എന്നിവരാണ്. പക്ഷേ കാതോലിക്കായുടെ പുതിയ ആലോചനക്കാർ ഈ വക്കീലന്മാരിൽ വിശ്വാസം ഇല്ലാത്തതിനാൽ അവരെ ഒഴിവാക്കുകയും പകരം അഡ്വ. ശ്രീകുമാർ (എറണാകുളം) അഡ്വ. ഭാസ്ക്കർ (കോഴിക്കോട്) എന്നിവരെ കേസ് നടത്തിപ്പിന് ചുമതല ഏൽപ്പിക്കുവാൻ തിരുമാനിക്കുകയും ചെയ്തു. പ്രശസ്ത അഭിഭാഷകനായ നരിമാനെ ഒഴിവാക്കി കേരളത്തിൽ നിന്നും സുപ്രിംകോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന മറ്റൊരു അഭിഭാഷകനെ കേസ് ഏൽപ്പിക്കുവാനും നീക്കമുണ്ട്. കെ. ജോർജ്ജ് മുതൽ നരിമാൻ വരെയുള്ളവർക്ക് കേസ്സുകൾ കാര്യക്ഷമമായി നടത്തുവാൻ സാധിച്ചില്ലായെന്നുള്ളതാണ് പ്രധാന ആരോപണം. ശ്രീ. കെ.എം. മാത്യു (മനോരമ) പി.സി. ഏബ്രഹാം (സമുദായ ട്രസ്റ്റി) എന്നിവരെ ആലോചനസമിതികളിൽനിന്ന് മാറ്റിനിർത്തുന്നതിന്റെ പ്രതിഫലമാണ് ഈ അഭിഭാഷകമാറ്റം. ഇതിനിടയിൽ സുപ്രിംകോടതിയിൽ മെത്രാൻകക്ഷികളുടെ അഭിഭാഷകൻ കേസ് കോടതി അവധികഴിഞ്ഞ് കേട്ടാൽ മതിയെന്ന നിഗമനത്തിലായിരുന്നു. പക്ഷേ മെത്രാൻകക്ഷികൾ നൽകിയിരിക്കുന്ന അപേക്ഷകൾ പരിഗണിക്കണമെന്ന ആവശ്യം കോടതിയിൽ ഉന്നയിച്ചു.ഇതിലെ "കെണി മനസ്സിലാക്കിയ ദിദിമോസ് ബാവായെ വാഴ്ച്ചക്കെതിരെ കോടതിയെ സമീപിച്ചിട്ടുള്ള മെത്രാൻകക്ഷി വിഭാഗത്തിന്റെ അഭിഭാഷകൻ" തങ്ങളുടെ വാദം ചേർക്കാതെ ദിദിമോസ് ബാവായെ കക്ഷി ചേർക്കരുതെന്ന് ശക്തിയായി വാദിച്ചു. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ കോടതി തങ്ങൾ ഇപ്പോൾ ഈ പ്രശ്നത്തിൽ ഇടപെടുന്നില്ലെന്നും എല്ലാം വിശദമായ വാദം കേൾക്കുന്ന ജൂലൈ മാസത്തിൽ പരിഗണിക്കാമെന്നും പറഞ്ഞു.

ജസ്റ്റിസ് എ. ആർ ലക്ഷ്മണൻ , ജസ്റ്റിസ് ആർ. വി. രവീന്ദ്രൻ എന്നിവരടങ്ങുന്ന ബഞ്ചാണ് കേസ്സ് പരിഗണിച്ചത്. ദിദിമോസ് ബാവായ്ക്കെതിരെ കേസ്സ് നൽകിയവർക്കുവേണ്ടി പ്രശസ്ത അഭിഭാഷകനായ രജ്ഞിത് കുമാർ, രാമകൃഷ്ണപ്രസാദ് എന്നിവരും യാക്കോബായ സഭയ്ക്കു വേണ്ടി അഡ്വ. മനോഹർ, അഡ്വ. രഘുനാഥ്, കോതമംഗലം ചെറിയപള്ളിക്കുവേണ്ടി സുദിഷ് മേനോനും മെത്രാൻ കക്ഷികൾക്കു വേണ്ടി അഡ്വ. അനാം എന്നിവർ ഹാജരായി.

## പരിശുദ്ധ എപ്പിസ്കോപ്പൽ സൂനഹദോസ് മെയ് 31, ജൂൺ 1,2 തീയതികളിൽ

പരി. സഭയുടെ വാർഷിക സൂനഹദോസ് മെയ് 31, ജൂൺ 1,2 തീയതികളിൽ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ നടക്കുമെന്നും പരി. സഭയെ സംബന്ധിച്ച് പല നിർണ്ണായക തിരുമാനങ്ങളും ഈ സൂനഹദോസിൽ ഉണ്ടാകുമെന്നും വിശ്വസിക്കുന്നു.

കഴിഞ്ഞ ദിവസം കൂടിയ സഭാ വർക്കിംഗ് കമ്മറ്റി നിരണം ഭദ്രാസനത്തിൽനിന്നും റവ.ഡോ. ജോർജ്ജ് മാത്യു നാലുന്നാക്കലിന്റെയും കൊല്ലം ഭദ്രാസനത്തിന്റെ പേർക്ക് റവ. മാത്യു.പി. ജോർജ് (കൂടലച്ചൻ) ന്റെയും അതതു ഭദ്രാസനങ്ങളിൽ നിന്നുള്ള മെത്രാപ്പോലിത്ത സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ് അംഗീകരിക്കുയും പരി. സൂനഹദോസിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുയും ചെയ്തു. കൂടാതെ തൃശൂർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ തെരഞ്ഞെടുപ്പ് പരി. സൂനഹദോസിനു മുമ്പായി പുതിയ കൽപ്പന പുറപ്പെടുവിക്കുവാനും ആ തെരഞ്ഞെടുപ്പിലെ നിർദ്ദേശങ്ങൾകൂടി പരി. സൂനഹദോസിന്റെ പരിഗണനയിൽ വരത്തക്കരീതിയിൽ ക്രമീകരണങ്ങൾ ചെയ്യുവാനും തീരുമാനിച്ചു. പരി. സൂനഹദോസിന്റെ തിരുമാനങ്ങൾ പരി. സഭയുടെ മുമ്പോട്ടുള്ള ഗമനത്തിൽ നിദാനമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ഫാ. ഡോ. എ.റ്റി. ഏബ്രഹാമും ഫാ. ഡോ. എ.പി. ജോർജ്ജും മാതൃസഭയിലേയ്ക്ക്

പ്രശസ്ത വൈദികരായ ഫാ. ഡോ. എ.റ്റി. ഏബ്രഹാമും, ഫാ. ഡോ. എ.പി ജോർജ്ജും മാതൃസഭയിൽ തിരിച്ചെത്തി. ക്നാനായ സമുദായ അംഗമായ ഫാ. ഡോ. എ.റ്റി ഏബ്രഹാം ദീർഘകാലമായി മാതൃസഭയിൽ നിന്ന് അകന്നുനിൽക്കുകയായിരുന്നു. പുണ്യശ്ലോകനായ ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലിത്തായാൽ മുടക്കപ്പെട്ടിരുന്ന ഫാ. ഏബ്രഹാമിനെ പിന്നീട് പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അനുമതിയോടുകൂടി മുളന്തുരുത്തി സെമിനാരിയിൽ അദ്ധ്യാപകനായി പരിഗണിച്ചിരുന്നു. മൂവാറ്റുപുഴ മാർ അത്താനാസിയോസിനോട് ചേർന്ന് പാമ്പാകുടയിൽ ധ്യാനകേന്ദ്രം നിർമ്മിക്കുന്നതിന് നേതൃത്വം നൽകി. മാർ അത്തനാസിയോസ് പരി. സഭ വിട്ട് വേദവിപരീതികളോട് ചേർന്നപ്പോൾ ഫാ. ഏബ്രഹാമും അവരൊടൊപ്പംകൂടി ഈ കാലഘട്ടങ്ങളിൽ അദ്ദേഹം കേരളാ കൗൺസിൽ ഓഫ് ചർച്ചസി(K.C.C) ന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. എന്നാൽ തന്റെ മുൻ നിലപാടുകളിൽ നിന്ന് മാറിയ

## മാതൃസഭയിലേയ്ക്ക്...

ഫാ. ഏബ്രഹാം ക്നാനായ ഭദ്രാസന മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മാർ സെവേറിയോസിനെ സമീപിക്കുകയും അഭി. തിരുമനസുകൊണ്ട് ബഹു. അച്ചനെ പരി. സഭയിലേയ്ക്ക് തിരികെ ചേർക്കുവാൻ കൽപ്പന പുറപ്പെടുവിക്കുകയും ചെയ്തു. ബഹു. അച്ചന്റെ മനസ്സിൽ ഇപ്പോൾ അനുഭവിക്കുന്ന സന്തോഷം വ്യക്തമാണ്. ഇനിയുള്ള കാലം അച്ചന്റെ കഴിവും പ്രാർത്ഥനയും പരി. സഭയെ കൂടുതൽ പ്രവർത്തനോന്മുഖമാക്കുവാൻ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**റവ. ഫാ. എ.പി. ജോർജ്ജ്**

യാക്കോബായ സഭയുടെ അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട 'ഫാദർജി' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പ്രശസ്ത എഴുത്തുകാരനാണ്. ഏബ്രഹാം മാർ സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിലുള്ള ബെദ്സൈദ ഹോസ്പിറ്റലിന്റെ ചുമതല വഹിച്ചിരുന്ന അച്ചൻ മുളന്തുരുത്തി എം.എസ്.ഒ.റ്റി സെമിനാരിയിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിരുന്നു. അഭി. സേവേറിയോസ് തിരുമേനിയുടെ മാതൃസഭയിലേയ്ക്കുള്ള തിരിച്ചുവരവ് ബഹു. അച്ചനെയും പരി. സഭയിലേയ്ക്ക് തിരികെ വരുവാൻ സഹായിച്ചു. പരി. സഭയിൽ തിരിച്ചെത്തിയതോടുകൂടി ബഹു. അച്ചന് സ്വഭവനത്തിൽ എത്തിചേർന്നതിന്റെ കുളിർമയും സ്വസ്ഥതയും അനുഭവിക്കുവാൻ കഴിയുമെന്നതിൽ സംശയമില്ല. കഴിഞ്ഞമാസം ശ്രേഷ്ഠകാതോലിക്കാ ബാവയുടെ അമേരിക്കൻ സന്ദർശനവേളയിലാണ് ബഹു. അച്ചന്റെ പരി. സഭയിലേയ്ക്കുള്ള തിരിച്ചുവരവിന് സാഹചര്യം ഒരുങ്ങിയത്. 'ഫാദർജി' ഇനി കൂടുതൽ സ്വസ്ഥതയോടെ തന്റെ തൂലിക ചലിപ്പിക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# കാലം ചെയ്ത പുണ്യശ്ലോകനായ ഫിലിപ്പോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത

മനോജ് മാത്യു, ആര്യാടൻപാക്കൽ, ചെങ്ങളം (സഭാ മാനേജിംഗ് കമ്മറ്റിയംഗം)



യാക്കോബായ സുറിയാനി സഭയുടെ കഴിഞ്ഞ കാലഘട്ടങ്ങളിൽ വിശ്വാസപാരമ്പര്യങ്ങളിൽ തിളങ്ങിനിന്ന ഫിലിപ്പോസ് മോർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ മെയ് 8 ന് ആചരിക്കുന്നു. കോട്ടയം ഭദ്രാസനത്തിലെ വെള്ളൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിലാണ് തിരുമേനി അന്ത്യവിശ്രമം കൊള്ളുന്നത്. ആത്മാർത്ഥയും അർപ്പണബോധവും മുഖമുദ്രയായി സ്വീകരിച്ച തിരുമേനിയുടെ ജീവിതം ആദ്യന്തം കർമ്മനിരതമായിരുന്നു. അന്ത്യം വരെയും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ അടിയുറച്ചുനിന്ന തിരുമേനി ഉത്തമ ഇടയനായിരുന്നു. 1959- 64 കാലഘട്ടങ്ങളിലും 1972-74 ഘട്ടങ്ങളിലും അന്ത്യോഖ്യാ സിംഹാസന ഭക്തരായ ജനങ്ങൾക്ക് പ്രോത്സാഹനവും നേതൃത്വവും നൽകാൻ വളരെ പ്രയത്നിച്ചിരുന്ന ഫാ. പി.സി ഫിലിപ്പാണ് പിന്നീട് ഫിലിപ്പോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തയായത്.

പ്രശ്തമായ പാമ്പാടി വെള്ളൂർ പറപ്പള്ളിൽ കുടുംബത്തിൽ ചാക്കോ ചെറിയാന്റെയും ശോശാമ്മയുടെയും പുത്രനായി 1924 മെയ് 24 ന് സ്മര്യപുരുഷൻ ജനിച്ചു. തിരുവനന്തപുരം മോർ ഈവാനിയോസ്, ചങ്ങനാശ്ശേരി എസ്.ബി. കോളജുകളിലായിരുന്നു വിദ്യാഭ്യാസം നടത്തിയത്. മാന്നാനം ട്രെയിനിംഗ് കോളജിൽ നിന്ന് ബി.എഡ്.ബിരുദവും നേടിയ അദ്ദേഹം ഏറെകാലം അദ്ധ്യാപകനായിരുന്നു. പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ സജീവ പ്രവർത്തകനായിരുന്ന അദ്ദേഹം തിരുവഞ്ചൂർ പി.ഇ.എം. സ്കൂളിന്റെ സ്ഥാപനത്തിനു മുൻപന്തിയിൽ നിന്നു പ്രവർത്തിച്ചു. 1949 ൽ അഭിവന്ദ്യ മിഖായേൽ മോർ ദിവന്നാസിയോസ് തിരുമേനിയിൽ നിന്ന് ശെമ്മാശപട്ടവും 1953 ൽ അഭിവന്ദ്യനായ ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാപട്ടവും സ്വീകരിച്ചു. 1952 ൽ മോർ ഗ്രീഗോറിയോസ് സ്റ്റുഡൻസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച അദ്ദേഹം 1953ൽ കോട്ടയത്തു നടന്ന അഖില ലോക യുവജന കോൺഫറൻസിൽ യാക്കോബായ സഭയെ പ്രതിനിധികരിച്ച് സംബന്ധിച്ചിട്ടുണ്ട്. 1954 ൽ കോട്ടയം ഭദ്രാസനസെക്രട്ടറിയായും അതേവർഷം അഖില മലങ്കര സിറിയൻ ക്രിസ്ത്യൻ ലീഗ് ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. 1959 ൽ അന്ത്യോഖ്യൻ മൂവ്മെന്റ് വൈസ് പ്രസിഡണ്ടായും കമ്മറ്റി അംഗമായും പൗരസ്ത്യ സുവിശേഷ സമാജം മാനേജിംഗ് കമ്മറ്റിയംഗമായും പല പ്രാവശ്യം പ്രവർത്തിച്ചു. 1964 ൽ കോട്ടയം ഭദ്രാസന വൈദികയോഗം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. കുറിച്ചി സെന്റ് മേരീസ് മിഷൻ ഹോസ്പിറ്റൽ സമാരംഭിച്ചു. മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുന്നതുവരെയും ആശുപത്രി ഡയറക്ടറായി പ്രവർത്തിച്ചു. ഇന്നത്തെ യൂത്ത് അസോസിയേഷന്റെ പ്രാരംഭഘടന 1973 സെപ്തംബർ 2-ാം തീയതി കുറിച്ചി സെന്റ് മേരീസ് പുത്തൻപള്ളിയിൽവെച്ച് രൂപീകരിച്ചത് അന്നത്തെ ഫാ. പി.സി. ഫിലിപ്പിന്റെ ചുമതലയിലാണ്. അന്നു രൂപികരിച്ച കമ്മറ്റിയുടെ പ്രസിഡന്റ് ഫിലിപ്പച്ചനായിരുന്നു. യാക്കോബായ യൂത്ത് അസോസിയേഷന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിരുന്ന കാലത്ത് പി.സി. ഫിലിപ്പച്ചന്റെ നേതൃത്വത്തിൽ മണർകാട് സെന്റ് മേരീസ് പള്ളിയിൽ നടന്ന അഖിലമലങ്കര യുവജന സമ്മേളനം വൻ വിജയപ്രദമായിരുന്നു.

തിരുവഞ്ചൂർ പി.ഇ.എം, കേളകം സെന്റ് തോമസ് കണ്ടനാട് സെന്റ് മേരീസ് എന്നീ ഹൈസ്ക്കൂളുകളിൽ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചു. വെള്ളൂർ സെന്റ് തോമസ് , കേളകം സെന്റ് തോമസ്, കുറിച്ചി പുത്തൻ പള്ളി തുടങ്ങിയ ദേവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഭയിലെ യൂത്ത് അസോസിയേഷന്റെ സ്ഥാപകനേതാവ് എന്ന നിലയിൽ തിരുമേനിയെ സഭയിലെ യുവാക്കൾ ആദരപൂർവ്വം എന്നും ഓർക്കുന്നു.

1978 ൽ കുറിച്ചി പുത്തൻ പള്ളിയിൽ വെച്ച് അഭിവന്ദ്യ യാക്കോബ് മോർ യൂലിയോസ് തിരുമേനി റമ്പാൻ സ്ഥാനം നൽകി. 1979 ഏപ്രിൽ 19 ന് കാലം ചെയ്ത ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതിയൻ കാതോലിക്കബാവ വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽ വെച്ച് മെത്രാപ്പോലിത്തയായി വാഴിച്ചു. 1980 ൽ നടന്ന പാത്രിയർക്കാ തെരഞ്ഞെടുപ്പിലും വാഴ്ചയിലും അഭിവന്ദ്യ തിരുമേനി പങ്കെടുത്തു. വിശുദ്ധനാടും സന്ദർശിച്ചു.

ആദ്യം ഇടുക്കി ഭദ്രാസനാധിപനായും പിന്നീട് ബാംഗ്ലൂർ കേന്ദ്രമാക്കി (ദക്ഷിണ മേഖല) ബാഹ്യകേരള ഭദ്രാസനാധിപനായും ചുമതല വഹിച്ചു. 1982 ൽ കണ്ടനാട് ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലിത്തയായി ചുമതലയേറ്റ തിരുമേനിയുടെ ആസ്ഥാനം പിറവം സെമിനാരിയായിരുന്നു. കണ്ടനാട് ഭദ്രാസനഭരണം നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ തിരുമേനിക്ക് പ്രമേഹബാധയെതുടർന്ന് ചികിത്സയിലാവുകയും അവസാന രണ്ടുവർഷം വിശ്രമജീവിതം നയിച്ചുവരികയും ചെയ്തു. തുടർന്ന് രോഗം മൂർച്ഛിച്ച് 1988 മെയ് 8 ന് ഏറണാകുളം ലിസ്സി ഹോസ്പിറ്റലിൽ വെച്ച് മെത്രാപ്പോലിത്ത 64-ാം വയസ്സിൽ കാലംചെയ്തു. പാമ്പാടി വെള്ളൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ കബറടക്കപ്പെട്ടു. തീർത്ഥയാത്രാ പ്രസ്ഥാനങ്ങളെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കുകയും ചെയ്ത തിരുമേനി പൂർവ്വപിതാക്കന്മാർ പഠിപ്പിച്ചുതന്ന സത്യവിശ്വാസത്തിന്റെ പാതയിൽ ഞങ്ങളെ പഠിപ്പിക്കുകയും ചെയ്ത അഭിവന്ദ്യപിതാവേ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

(ആശ്രിതഗ്രന്ഥം

വന്ദ്യ കണിയാംപറമ്പിലച്ചന്റെ സുറിയാനിസഭ ചരിത്രവും വിശ്വാസസത്യങ്ങളും)

# സഭാ കേസിൽ ഇരുവിഭാഗവും യോജിച്ചു പിരിയണം: തോമസ് പ്രഥമൻ ബാവ

ലോസ് എഞ്ചലസ്: കേരള സർക്കാർ അടുത്തിടെ അവതരിപ്പിച്ച മാർഗ്ഗരേഖ സഭാ കേസ്സിൽ സമാധാനത്തിന്റെ വാതിൽ തുറന്നിരിക്കയാണെന്ന് യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക തോമസ് പ്രഥമൻ ബാവാ പറഞ്ഞു. ലോസ് ഏഞ്ചലോസിൽ നടന്ന വൈദിക കോൺഫറൻസിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുയായിരുന്നു. പത്തു വർഷമായി പൂട്ടിക്കിടന്ന കോലഞ്ചേരി പള്ളി തുറന്നു. കടമറ്റം പള്ളിയും മറ്റു ചില പള്ളികളും തുറന്നു. ഇത് സമാധാനത്തിലേക്കുള്ള ഒരു കാൽവയ്പാണ് ബാവാ പറഞ്ഞു.



കേരളത്തിൽ നിയമസഭ തെരഞ്ഞെടുപ്പ് അടുത്തുവരുന്നു സാഹചര്യത്തിൽ യാക്കോബായ സഭ എന്തു നിലപാട് സ്വീകരിക്കും എന്നു ചോദിച്ചപ്പോൾ സഭയ്ക്ക് രാഷ്ട്രീയമില്ല. എന്നാൽ രാഷ്ട്രീയത്തിൽ ജീവിക്കുമ്പോൾ വ്യക്തമായ നിലപാടുകളും സംവിധാനങ്ങളായ സണ്ടേസ്കൂൾ, യുവജനവിഭാഗം, മാർത്തമറിയം, കേഫാ എന്നിവയ്ക്കും സുന്നഹദോസ്, മാനേജിംഗ് കമ്മറ്റി എന്നിവയ്ക്കും ഒറ്റ അഭിപ്രായമാണ്. ഇവർ ഒന്നായി എന്റെ മനസ്സിൽ എന്താണോ ഉദ്ദേശിക്കുന്നത് അത് നിറവേറ്റും. അത് കാസർകോഡ് മുതൽ കന്യകുമാരിവരെയുള്ള എല്ലാ സ്ഥലത്തും ഉടനടി അറിയിക്കാനുള്ള സംവിധാനം നിലവിലുണ്ട്. താൻ ഇപ്പോൾ അമേരിക്കയിലാണെങ്കിലും കേരളത്തിലെ എല്ലാ കാര്യങ്ങളും അറിയുന്നു.

ഞാൻ ഒരു പള്ളിയിലും അനുവാദമില്ലാതെ പ്രവേശിക്കാറില്ല. പള്ളി ആവശ്യപ്പെട്ടാൽ അതിന്റെ സ്ഥാപനോദ്ദേശ്യം പരിശോദ്ധിച്ച് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ അനുവാദത്തോടുകൂടിയേ പോകാറുള്ളൂ. ബുദ്ധിക്കും ശാരീരികമായും ഒരു ചെറിയ മനുഷ്യനാണ് ഞാൻ. ഒരിക്കലും വഴിവിട്ട് നടക്കാറില്ല. യേശുക്രിസ്തു നടത്തുന്നു. ഓർത്തഡോക്സ് വിഭാഗങ്ങളിലെ പുതിയ കാതോലിക്കായുടെ സ്ഥാനാരോഹണം പ്രത്യാശ നൽകുന്നു. അദ്ദേഹം നാല്പതുകൊല്ലം ഭരിച്ച് ഭദ്രാസനത്തിലെ 63 പള്ളികൾ പരസ്പരം യോജിച്ച് പിരിഞ്ഞു. അതുപോലെ സഭാകേസിൽ ഇരുവിഭാഗവും യോജിച്ച് പിരിയണം. അതിനുവേണ്ടി പ്രാർത്ഥിക്കുന്നു. ഇപ്പോൾ രണ്ടു സഭകളായാണ് പ്രവർ ത്തനം നടക്കുന്നത്. ഒന്ന് പരിശുദ്ധ പത്രോസിന്റെ പേരിലും മറുഭാഗം തോമസിന്റെ പേരിലും അറിയപ്പെടുന്നു. അവർ മാത്യു സഭ വിട്ടുപോകുകയായിരുന്നു.

സഭാ കേസ് അവസാനിപ്പിക്കാൻ എന്തു നിർദ്ദേശമാണ് എന്ന് ചോദിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു. കേരളത്തിലെ ഇതര സഭകളിലെ പിതാക്കന്മാരുടെ നേതൃത്വത്തിൽ എന്തു തീരുമാനം കൈക്കൊണ്ടാലും, ഞങ്ങൾ അനുസരിക്കും. അബ്രഹാം ലോത്തിനോട് പറഞ്ഞതുപോലെ നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട് അതുപോലെ നിലവിലുള്ള എല്ലാ കേസുകളും മൂന്ന് വർഷത്തേക്ക് മരവിപ്പിക്കു, തടുർന്ന് മാസത്തിലൊരിക്കൽ ഒന്നിച്ചുകൂടുക. മറ്റു സഭാ പിതാക്കന്മാരുടെ നേതൃത്വത്തിൽ സമാധാന ചർച്ചകൾ നടത്തുക. ഒരു കൊല്ലംവരെ പ്രവർത്തിക്കുക. മൂന്ന് വർഷത്തിനകം വിഷയം അവസാനിക്കും. 2002 ൽ സുപ്രിംകോടതി പറഞ്ഞു. നിങ്ങൾ ഇനിയും 2000 വർഷം കൂടി കേസ്സു നടത്തിയാലും ഈ കേസ്സ് തീരുകയില്ല. ഇപ്പോൾ നടക്കുന്നത് സ്വത്തിന് വേണ്ടിയുള്ള തർക്കമാണ്. വിശ്വാസത്തിനുവേണ്ടിയോ, ക്രിസ്തീയതയ്ക്ക് വേണ്ടിയോ അല്ല, മനുഷ്യത്വത്തിന്റെ പേരിൽ യോജിച്ച് പിരിയണം. യാക്കോബായ വിഭാഗം ആഗ്രഹിക്കുന്നത് സമാധാനമാണ്. ഒരു മാസം മുമ്പ് മറുഭാഗത്തെ ഒരു പിതാവ് പിറവം പള്ളിയിൽ കയറി. ഞങ്ങൾ സംയമനം പാലിച്ചു. ചില വർഷങ്ങൾക്കു മുമ്പ് ഒരു സെമിത്തേരിയിൽ നടന്ന സംഭവങ്ങൾ എല്ലാവരും കണ്ടതാണ്. ആ സംഭവം നടന്ന് പത്തു ദിവസത്തിനുശേഷം മറുഭാഗത്തെ ഒരു വൈദികന്റെ മരണം സംഭവിച്ചു. ഞങ്ങളുടെ ആളുകൾ പള്ളിയുടെ സമീപം തടിച്ചുകൂടി. ഞാൻ അവിടെ എത്തി. സമാധാനപരമായി സംസ്കാരം നടത്തുവാൻ വേണ്ട നിർദ്ദേശം നൽകി. കഴിഞ്ഞ 32 വർഷമായി ഈ ചുമതലയിലെത്തിയിട്ട്. ഇതുവരെയും ശത്രുക്കൾ ആരും ഇല്ലാതെ സഭ വളരുന്നു. മറ്റു സഭാ വിഭാഗങ്ങളെ പോലും അതിശയിപ്പിക്കുന്ന വിധത്തിൽ. പുതിയതായി സഭ ആസ്ഥാനം ഡെന്റൽ ആട്സ് കോളേജുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ തുടങ്ങി.

കേരളത്തിലെ മാധ്യമങ്ങൾ സഭാ കേസിനോട് എങ്ങനെ പ്രതികരിക്കുന്നു എന്നു ചോദിച്ചപ്പോൾ ബാവ ഇങ്ങനെ പറഞ്ഞു. മറുഭാഗത്തിന്റെ മുഖപത്രമുൾപ്പടെ പത്രങ്ങൾ പലപ്പോഴും പല രീതിയിൽ എഴുതാറുണ്ട്. എന്നാൽ അവയുടെ ജന്മംകൊണ്ടും വളർച്ചയിലും ഉള്ള കടപ്പാടുകൾ മൂലമാകും അവ അങ്ങനെ എഴുതുന്നത്. അമേരിക്കയിൽ മലയാള പാത്രങ്ങൾ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി ബാവ പറഞ്ഞു.

മലയാളികളുടെ വളർച്ച പ്രചരിപ്പിക്കുവാനും നീതി നീക്കങ്ങൾ നടത്തുവാനും പത്രങ്ങൾ മൂലം സാധ്യമാകുന്നു. അമേരിക്കയിൽ തന്റെ പത്താമതു സന്ദർശനം നടത്തുന്ന ബാവ 1980 ൽ ആണ് ആദ്യമായി അമേരിക്കയിലെത്തിയത്.

വായനക്കാർക്കുള്ള സന്ദേശമായി ബാവ പറഞ്ഞു. അമേരിക്കയെ അനുകരിക്കരുത്. യാക്കോബായ സുറിയാനി സഭയ്ക്ക് അമേരിക്കയിൽ 46 വൈദികരും 7 ശെമ്മാശന്മാരുമുണ്ട്. ശ്രേഷ്ഠ ബാവയോടൊപ്പം അമേരിക്കൻ ഭദ്രാസന ബിഷപ്പ് യെൽദോ മാർ തീത്തോസ്, ലോസ് ഏഞ്ചലസ് ഇടവക വികാരി ഫാ. സാബു തോമസ് എന്നിവരുമുണ്ടായിരുന്നു.

# വടക്കൻ പറവൂർ അനുഗ്രഹങ്ങൾ തേടി പതിനായിരങ്ങൾ എത്തി.



അന്ത്യോഖ്യായിൽ നിന്ന് മലങ്കരയിൽ എഴുന്നെള്ളി സത്യവിശ്വാസത്തിന് നേതൃത്വം നൽകിയ പുണ്യ പിതാവായ അബ്ദുൾ ജലീൽ ഗ്രീഗോറിയോസ് ബാവായുടെ 325 -ാം ശ്രാദ്ധപെരുന്നാൾ വടക്കൻ പറവൂർ പള്ളിയിൽ ഭക്തിപുരസരമാചരിച്ചു. നാടിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് വിശ്വാസികൾ നേർച്ച സദ്യയിൽ പങ്കെടുത്ത് അനുഗ്രഹം പ്രാവിച്ചു. പള്ളിയിൽ നടന്ന സാംസ്ക്കാരിക സമ്മേളനം കോട്ടപ്പുറം മെത്രാൻ മാർ ഫ്രാൻസീസ് കല്ലറക്കൽ ഉദ്ഘാടനം ചെയ്തു. കൽദായ സഭയിലെ മാർ അപ്രേം തിരുമനസ്സുകൊണ്ട് മുഖ്യപ്രഭാഷണം നടത്തി. ശ്രേഷ്ഠ കാതോലിക്ക ബാവാ അദ്ധ്യക്ഷനായിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ യൂഹാനോൻ മാർ പീലക്സിനോസ് മെത്രാപ്പോലിത്ത , ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത, ശ്രേഷ്ഠ കാതോലിക്ക ബാവാ തുടങ്ങിയവർ വി. കുർബാനയ്ക്ക് നേതൃത്വം നൽകി. തുടർന്നു നടന്ന നേർച്ച സദ്യയിൽ പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു.



# ബഹുമുഖ പ്രതിഭ പുളിക്കപ്പറമ്പിലച്ചൻ

**മനോജ് മാത്യു, ആര്യാടൻപാക്കൽ, ചെങ്ങളം**

പ്രഗത്ഭനായ അദ്ധ്യാപകനും പ്രശംസനീയനായ സാമൂഹ്യ പ്രവർത്തകനും സമർത്ഥനായ ഭരണാധികാരിയുമായി അര ശതാബ്ദത്തിലധികം പ്രശോഭിതനായിരുന്ന പ്രൊഫസർ പി.പി. ജോസഫ് കൊറെപ്പിസ്കോപ്പായുടെ നിര്യാണം മൂലം ഒരു ബഹുമുഖപ്രതിഭയാണ് സമൂഹത്തിന് നഷ്ടമായിരിക്കുന്നത്. കോട്ടയം സി.എം.എസ്. കോളജിൽ ചരിത്രാധ്യാപകനും വൈസ് പ്രിൻസിപ്പലുമായി സേവനം ചെയ്ത കാലയളവിൽ സ്നേഹത്തിന്റെയും അച്ചടക്കത്തിന്റെയും ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് ആയിരക്കണക്കിന് വിദ്യാർത്ഥികളെ ദിശാബോധം നൽകി അഭ്യസിപ്പിച്ചതിന്റെ സ്മരണ അനശ്വരമായി നിലനിൽക്കുന്നു.



സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഗ്രാമീണ വികസനത്തിന് മുഖ്യപങ്ക് വഹിച്ചിരുന്ന പഞ്ചായത്ത് സംവിധാനങ്ങളിൽ പ്രമുഖ സ്ഥാനം വഹിക്കുവാൻ വന്ദ്യ കോറെപ്പിസ്കോപ്പാക്ക് സാധിച്ചു. 26 സംവത്സരം തിരുവാർപ്പ് പഞ്ചായത്തിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ച കാലയളവ് കാഞ്ഞിരം, തിരുവാർപ്പ്, കുമ്മനം, ചെങ്ങളം പ്രദേശങ്ങൾക്ക് വികസനത്തിന്റെ അടിസ്ഥാന കാലഘട്ടമായിരുന്നു. വെള്ളപ്പൊക്ക ബാധിതമായ പടിഞ്ഞാറൻ മേഖലയിൽ റോഡുകൾ, പാലങ്ങൾ, വൈദ്യുതി, ശുദ്ധജലം തുടങ്ങിയവ എത്തിക്കുവാൻ ബഹുമാനപ്പെട്ട അച്ചന്റെ സമർത്ഥമായ നേതൃത്വം അടിസ്ഥാനം നൽകി.

യാക്കോബായ സുറിയാനി സഭയുടെ നിർണായക ഘട്ടങ്ങളിൽ എല്ലാം സ്തുത്യർഹമായ നേതൃത്വവൈഭവം പ്രകടിപ്പിച്ചിട്ടുള്ള വന്ദ്യ ജോസഫ് കോറെപ്പിസ്കോപ്പാ, അദ്ദേഹത്തിന്റെ ജീവിത കാലയളവ് മുഴുവൻ വൈവിധ്യമാർന്ന പ്രവർത്തനസരണികളിൽ സഭാ ശുശ്രൂഷ നിർവഹിച്ചു. 1958 ൽ ഉണ്ടായ സഭാ യോജിപ്പ് കാലഘട്ടം മുതൽ യോജിച്ച സഭയുടെ എല്ലാ ആലോചനകളിലും സമിതികളിലും പ്രത്യക്ഷമായും പരോക്ഷമായും അദ്ദേഹത്തിന്റെ സാന്നിധ്യം അനുഭവപ്പെട്ടിരുന്നു. 1964ൽ ഉണ്ടായ സമ്പൂർണ്ണ സമാധാനത്തിനുശേഷം സഭാ മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി വിവിധ ഉപസമിതികൾ എന്നിവയിലെല്ലാം സഭാ നിർവഹണരംഗത്ത് അദ്ദേഹത്തിന്റെ സേവനം ഉറപ്പാക്കിയിരുന്നു. 1964 മുതൽ കോട്ടയം ഭദ്രാസനത്തിന്റെ സെക്രട്ടറി എന്ന നിലയിൽ മൂന്ന് പതിറ്റാണ്ടിലധികം സമാദരണിയമായ സംഘാടക വൈഭവം പ്രകടിപ്പിച്ചു. മലങ്കര സഭയിൽ ഇദംപ്രഥമമായി വൈദികരുടെ കേന്ദ്രികൃതശമ്പള ഏകീകരണ വ്യവസ്ഥ പള്ളി വരുമാന ഏകീകരണ പദ്ധതി, തുടങ്ങിയവ ആവിഷ്ക്കരിച്ചത് അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടായിരുന്നു. കോട്ടയം ഭദ്രാസന ആസ്ഥാനമായ സെന്റ് ജോസഫ് കത്തീഡ്രൽ നിർമ്മാണത്തിന്റെ പ്രാരംഭ നേതാവ് എന്ന നിലയിൽ കാലം ചെയ്ത പെരുമ്പള്ളിൽ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയോടും ശ്രീ. ജോയി കടവുംഭാഗത്തിനോടും ചേർന്ന് അദ്ദേഹം കഠിനാധ്വാനം ചെയ്തു. യാക്കോബായ സുറിയാനി സഭയുടെ വൈദിക ട്രസ്റ്റി എന്ന നിലയിലും സഭയുടെ വിവിധ എക്യുമിനിക്കൽ സമിതികളിലെ അംഗമെന്ന നിലയിലും പ്രശംസനീയമായ സഭാ സേവനം അദ്ദേഹം നിർവഹിച്ചു.

വൈവിധ്യമാർന്ന അദ്ദേഹത്തിന്റെ സഭാ സാമൂഹ്യ പ്രവർത്തനങ്ങളെ മുൻനിർത്തി പരിശുദ്ധ അന്ത്യോഖ്യ പാത്രിയർക്കീസ് ബാവ "കോറുസോദശ്റോറോ" എന്ന അതിവിശിഷ്ട പാത്രിയർക്കാ ബഹുമതി നൽകി ആദരിച്ചു. ഇപ്പോഴത്തെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ പങ്കെടുക്കാൻ ഭാഗ്യം ലഭിച്ചിട്ടുള്ള വന്ദ്യ കോറെപ്പിസ്കോപ്പാ വിശുദ്ധ നാടുകൾ സന്ദർശിക്കുകയും ചെയ്തു.

മികച്ച പ്രഭാഷകനും ഭരണാധികാരിയുമായിരുന്നു ജോസഫ് കോറെപ്പിസ്കോപ്പാ "എവുക്കാരിസ്തിയ" എന്ന ഗ്രന്ഥവും പ്രൗഢങ്ങളായ അനേകം ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

# ചില ബിസിനസ്സ് ചിന്തകൾ

ബെന്നി പുന്നത്തറ (ചീഫ് എഡിറ്റർ സണ്ടേ ശാലോം)

എന്റെ ആദ്യത്തെ പുസ്തകമാണ് 'കൃപയുടെ നീർച്ചാലുകൾ' അതെഴുതി കഴിഞ്ഞ് പ്രിന്റ് ചെയ്യാൻ കൊടുക്കുന്നതിന് മുമ്പായി ഞാനെന്റെ ആത്മീയസഹോദരനുമൊന്നിച്ച് പ്രാർത്ഥിക്കുകയായിരുന്നു. വെറും ഏഴാം ക്ലാസ് മാത്രം വിദ്യഭ്യാസമുണ്ടായിരുന്ന അദ്ദേഹം എന്നോട് പറഞ്ഞ വാക്കുകൾ ഒരു ഇടിവാൾ പോലെ എന്റെ ഹൃദയത്തിലേക്ക് ആഞ്ഞു പതിച്ചു. "പുസ്തകമെഴുതിയത് നല്ലതുതന്നെ പക്ഷെ അത് അച്ചടിച്ച് വിലയിട്ട് വിൽക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. പണം കൊടുത്ത് ആ പുസ്തകം വാങ്ങിയവന് അവൻ കൊടുത്ത പണത്തിനാനുപാതികമായി ആ പുസ്തകത്തിൽ നിന്നും എന്തെങ്കിലും കിട്ടുവാനുണ്ടായിരിക്കണം. അല്ലെങ്കിൽ അതൊരു വഞ്ചനയാണ്".

മനോഹരമായ പുറംചട്ടയും ആകർഷണീയമായ പരസ്യങ്ങളും വഴി കഴമ്പില്ലാത്ത പുസ്തകങ്ങളും കാസറ്റുകളുമൊക്കെ വിറ്റഴിക്കുമ്പോൾ അതിൽ അധാർമ്മികതയും തട്ടിപ്പുമുണ്ടെന്ന് സത്യം ഞാൻ അന്നാണ് തിരിച്ചറിഞ്ഞത്. ഏതു തരത്തിലുള്ള ബിസ്സിനസ്സാണെങ്കിലും വിലയില്ലാത്തതിന് വിലയിട്ട് വിൽക്കുമ്പോൾ നാം ആത്മീയമായി അപകടത്തിലാണ്.

ഇന്ന് എല്ലാ ബിസിനസ്സുകളുടെയും ആത്യന്തികലക്ഷ്യം ലാഭമുണ്ടാക്കുക എന്നതാണ്. എന്നാൽ സമൂഹത്തിന് സേവനം ചെയ്യുക എന്നതായിരിക്കണം യഥാർത്ഥത്തിലുണ്ടാകേണ്ട ലക്ഷ്യം. ആ സേവനത്തിന് ലഭിക്കുന്ന പ്രതിഫലമാണ് സാമ്പത്തികലാഭം. മതിയായ സേവനം കൊടുക്കാതെയും സേവനത്തിന് ആനുപാതികമല്ലാത്ത വിധത്തിലും ലാഭം നേടുമ്പോൾ അതിൽ തിന്മ കലർന്നിരിക്കും. ഇതിലൂടെ ദൈവകൃപ നഷ്ടപ്പെടുന്നതു മൂലം പല സ്ഥാപനങ്ങളുടെയും പുരോഗതി നിശ്ചലമായിത്തീർന്നിട്ടുണ്ട്. താൽക്കാലികമായ നേട്ടങ്ങളും വളർച്ചകളും കൃപയില്ലാത്തപ്പോഴും ലഭിച്ചുവെന്നിരിക്കും. അത് ഭാവിയിലെ വലിയ വീഴ്ചകൾക്കുള്ള മുഖാന്തിരം മാത്രമാണെന്ന് നിരവധി പേരുടെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. നിലനിൽക്കുന്നതും തലമുറകളിലേയ്ക്ക് പകരുന്നതുമായ ഐശ്വര്യവും വളർച്ചയും ദൈവകൃപയുള്ളിടത്തു മാത്രമേ യാഥാർത്ഥ്യമാകൂ. അതിനാൽ കൂടുതൽ സാമ്പത്തികനേട്ടം ആഗ്രഹിക്കുന്നവർ ലോകത്തിനും ദൈവത്തിനും കൂടുതൽ നൽകുവാൻ തയ്യാറാകണം. അതിനുള്ള വഴികൾ കണ്ടെത്തുകയും വേണം. നാം കൊടുക്കുന്ന 'ഫല'ത്തിന് തിരിച്ചു കിട്ടുന്നതാണ് 'പ്രതിഫലം'. ഫലമില്ലാതെ പ്രതിഫലമില്ല. സേവനമില്ലാതെ വേതനമില്ല. ഇതായിരിക്കണം ഒരു ക്രൈസ്തവന്റെ അടിസ്ഥാന ബിസിനസ്സ് കാഴ്ചപ്പാട്. വഴിയരികിൽ നാരാങ്ങാവെള്ളം വിൽക്കുന്നവനും ഉണ്ടാകേണ്ട കാഴ്ചപ്പാട് ഇതു തന്നെ "ദാഹിക്കുന്നവർക്ക് ദാഹശമനത്തിനായി ഏറ്റവും നല്ലത് ഒരുക്കിക്കൊടുക്കുക" എന്ന സേവനം . ഇത് മുഖ്യലക്ഷ്യമാകുമ്പോൾ വിൽപ്പന വർദ്ധിക്കും, പണം തനിയേ വരും.

എങ്ങനെയും പണം ഉണ്ടാക്കുക എന്ന ലക്ഷ്യമാണ് നമ്മുടെ ട്രാക്ക് തെറ്റിക്കുന്നത്. അതോടൊപ്പം തന്നെ പെട്ടെന്ന് പണക്കാരനാകാൻ ആഗ്രഹിക്കുന്നതും അപകടത്തിലേക്കാണ് നമ്മെ ആനയിക്കുക. വളരെ പെട്ടെന്നുള്ള വളർച്ച സ്വാഭാവിക വഴിയല്ല. ഓരോന്നിനും വളരുവാൻ സമയം ആവശ്യമുണ്ട്. അതിനുള്ള ദീർഘലക്ഷമയില്ലാതെ പെട്ടെന്നുള്ള ബിസിനസ്സ് വിപുലീകരണമാണ് നിരവധിപേരുടെ ബിസിനസ്സ് തകർച്ചകൾക്ക് കാരണമായിട്ടുള്ളത്. പലപ്പോഴും മത്സരബുദ്ധിയും സമൂഹത്തിൽ ഉന്നതനാകാനുള്ള ആഗ്രഹം വഴിയാണ് അടിത്തറ ഉറയ്ക്കുന്നതിനു മുമ്പേ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടാറുള്ളത് ഇതിനുവേണ്ടി വലിയ പലിശയ്ക്ക് പണം കടമെടുക്കുമ്പോൾ തകർച്ചകളുടെ ആരംഭം കുറിക്കപ്പെടും. അദ്ധ്വാനിക്കുന്നതിന്റെ ഫലം മുഴുവനും പലിശയായിപ്പോകുമ്പോൾ പുരോഗതിയെങ്ങനെയുണ്ടാകും? അടുത്തനാളുകളിൽ ബിസിനസ്സ് തകർച്ചകളുടെ നൊമ്പരങ്ങളുമായി എന്റെയടുത്തു വന്നവരിൽ ഭൂരിപക്ഷം പേരുടെയും പതനത്തിനു കാരണം ബ്ലേഡ് കമ്പനികളിൽ നിന്നും വായ്പ വാങ്ങിയതാണ്. അതിന്റെ പിന്നിലെ ആവശ്യമോ ദ്രുതഗതിയിലുള്ള ബിസിനസ്സ് വിപുലീകരണവും. വായ്പ സൗകര്യങ്ങളുടെ വൈപുല്യം വിവേകമില്ലാത്ത ജനങ്ങൾക്ക് ഒരു കെണിയാണെപ്പോഴും. ഈ കെണിയിൽ വീണ് തകരുന്ന കുടുംബങ്ങളുടെ എണ്ണം പെരുകിക്കൊണ്ടേയിരിക്കുന്നു എന്നത് നാം അനുഭവങ്ങളിൽ നിന്നും പഠിക്കുന്നില്ല എന്നതിന്റെ ഉത്തമോദാഹരണമാണ്. പണ്ടൊക്കെ സമ്പാദ്യശീലം വളർത്തുന്നതിന് സമൂഹം പ്രാധാന്യം കൊടുത്തിരുന്നു. എന്നാൽ വായ്പാശീലവും ചിലവഴിക്കൽ ശീലവും വളർത്തുന്ന ഉപഭോഗസംസ്കാരമാണ് ഇന്നത്തെ സമൂഹത്തിലുള്ളത്. തന്മൂലം സാമ്പത്തിക തിരിമറികൾ വഴി ജനത്തിന്റെ ഉറക്കം കെട്ടുപോകുന്ന ഇന്നത്തെ അവസ്ഥയിൽ കൂടുതൽ ബോധവൽക്കരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

ലോകത്തിലെ പ്രമുഖ ബിസിനസ്സ് രാജാക്കന്മാരെല്ലാം വളരെ ലളിതമായ അവസ്ഥയിൽ നിന്നും കഠിനാദ്ധ്വാനത്തിലൂടെ വളർന്ന് വന്നവരാണ്. ലളിതമായി തുടങ്ങുകയാണ് പാളിച്ചകൾ വരാതെ വളരാനുള്ള എളുപ്പവഴിയും. പക്ഷെ ഇന്ന് ചെറുതായിരിക്കാൻ ആർക്കും ഇഷ്ടമല്ല. അതിനാൽ വലിയ മുതൽമുടക്കുകളിൽ ബിസിനസ്സ് ആരംഭിക്കുമ്പോൾ പ്രദർശനപരതയും ജീവിതത്തിന്റെ പ്രതാപവും വഴി കിട്ടുന്ന സന്തോഷം തന്നെ അവരെ നശിപ്പിക്കുന്നു. ചെറുതിലാരംഭിച്ച് ബിസിനസ്സ് മേഖലകളെ ശരിയായി പഠിച്ച് , അനുഭവജ്ഞാനത്തിന്റെ ബലത്തിൽ കാലക്രമേണ ബിസിനസ്സ് വളർത്താൻ ശ്രമിച്ചാൽ, പരാജയങ്ങൾ ഒഴിവാക്കാനും പുരോഗതി നേടുവാനും സാധിക്കും.

ഏതൊരു പ്രസ്ഥാനം വളരുന്നതിനും ഏകാഗ്രതയും നിരന്തരമായ അദ്ധ്വാനവും ആവശ്യമാണ്. ചിലർ ബിസിനസ്സ് ആരംഭിച്ചതിനുശേഷം അതൊക്കെ ജോലിക്കാരെയോ മറ്റാരെയെങ്കിലുമോ ഏൽപ്പിച്ച് മറ്റു ഒരുപാട് കാര്യങ്ങളിൽ ഇടപെട്ടു നടക്കും. ശ്രദ്ധയില്ലായ്മ മൂലം ഒടുവിൽ എല്ലാം കുഴഞ്ഞുമറിഞ്ഞു കഴിയുമ്പോഴായിരിക്കും അപകടം തിരിച്ചറിയുക. അപ്പോഴേക്കും സമയം വൈകികഴിഞ്ഞിട്ടുമുണ്ടായിരിക്കും. നാം ഏറ്റെടുത്തതിന്റെ വിജയത്തിനായി ചില സന്തോഷങ്ങളും മറ്റും ഉപേക്ഷിക്കേണ്ടത് ഒരു ബലിയായി നാം കാണണം. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ചിന്തയിതാണ്.

"എല്ലാവരും എല്ലാത്തിനും വിളിക്കപ്പെടുന്നില്ല". ദൈവം വിളിച്ചിടത്തേ വിജയം വരിക്കാനാകൂ. ബിസിനസ്സ് മേഖലയിലേക്ക് വിളിക്കപ്പെടാത്ത വ്യക്തികൾ "എന്തെങ്കിലും ഒന്നു ചെയ്യണമല്ലോ" എന്നു കരുതി ബിസിനസ്സ് നടത്താൻ ഇറങ്ങിയാൽ അവിടെ വളരണമെന്ന് നിർബന്ധമില്ല. ദൈവത്തിനു നമ്മെ വളർത്താനും ഉയർത്താനും ഒരു പ്രത്യേക മേഖല നിർബന്ധമല്ല. അതിനാൽ നാം എന്താണ് ചെയ്യേണ്ടതെന്ന് ദൈവത്തോട് ആലോചന ചോദിച്ച് ആരംഭിക്കുന്നത് ഉചിതമായിരക്കും.

"കർത്താവിനെ ഭയപ്പെടുന്നവനാരോ അവൻ തിരഞ്ഞെടുക്കേണ്ട വഴി അവിടുന്ന് കാണിച്ചുകൊടുക്കും" (സങ്കീ:25:12) എന്ന തിരുവചനവും ഇവിടെ സ്മരണീയമാണ്.

## ചിക്കാഗോ സെന്റ് ജോർജ് പള്ളിയിൽ പെരുന്നാൾ (വിനോദ് ഏബ്രഹാം, സെക്രട്ടറി)

സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ ആണ്ടുതോറും നടത്തി വരാറുള്ള മോർ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 13-14 ശനി , ഞായർ തീയതികളിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടുന്നതാണ്. ഈ വർഷത്തെ പെരുന്നാൾ ചടങ്ങിൽ ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ യൽദൊ മോർ തീത്തോസ് തിരുമേനി നേതൃത്വം നൽകും. മെയ് 13-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6.30ന് സഹോദരീ ഇടവകകളിലെ ബഹു. വൈദീകരുടെ സാന്നിദ്ധ്യത്തിൽ കൊടിയേറ്റത്തോടെ പെരുന്നാൾ ചടങ്ങുകൾ ആരംഭിക്കും. സന്ധ്യാപ്രാർത്ഥനക്ക്ശേഷം ഡിട്രോയിറ്റ് സെന്റ് മേരീസ് വികാരിയും സുപ്രസിദ്ധ സുവിശേഷ പ്രസംഗകനും സെമിനാരിയിലെ അദ്ധ്യാപകനുമായിരുന്ന റവ. ഫാ. ജയിംസ് സ്കറിയ സുവിശേഷപ്രസംഗം നിർവഹിക്കും. തുടർന്ന് റാസാ, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരിക്കുന്നതാണ്. മെയ് 14-ന് രാവിലെ 9.15 ന് പ്രഭാതപ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ യൽദൊ മോർ തീത്തോസ് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാനയും ഉണ്ടായിരിക്കും. അതിനുശേഷം റാസ, നേർച്ചവിളമ്പ്, ആശിർവാദം, സ്നേഹവിരുന്ന്, ലേലം, കൊടിയിറക്കം എന്നിവയോടുകൂടി പെരുന്നാൾ ചടങ്ങുകൾ സമാപിക്കും. വലിയമണ്ണിൽ ശ്രീ. ജോർജ്ജും കുടുംബവുമാണ് ഈ വർഷത്തെ പെരുന്നാൾ ഏറ്റെടുത്ത് നടത്തുന്നത്. ഏവരേയും ഈ പെരുന്നാളിലേക്ക് വികാരി വന്ദ്യ കോറെപ്പിസ്കോപ്പാ കുര്യാക്കോസ് മൂലയിൽ സ്വാഗതം ചെയ്യുന്നു. വിശദവിവരങ്ങൾക്ക് ജോർജ്ജ് മാത്യൂസ് (630) 833-0328, മാമ്മൻ കുരുവിള (630) 718-1077, വിനോദ് ഏബ്രഹാം (847) 375-8799 എന്നിവരുമായി ബന്ധപ്പെടുക.

# മീഡിയാസ്കാൻ
## - സൂക്ഷ്മദൃക്ക്

## 1. ഗാന്ധിയന്മാർ ഔട്ട്

അടുത്തദിവസം ഒരു മെത്രാൻ കക്ഷി പത്രത്തിൽ ദിദിമോസ് ബാവായുടെ ഒരു പ്രസംഗം വായിച്ചു. "രാഷ്ട്രനിർമ്മാണത്തിൽ ഓർത്തഡോക്സ് സഭയുടെ പങ്ക്" വലുതാണെന്ന് അദ്ദേഹം പറഞ്ഞു. അതിൽ ഇതെഴുതുന്ന വ്യക്തിക്കു എതിർപ്പില്ല. മലങ്കരസഭാംഗങ്ങൾ 2000 വർഷങ്ങളായി നാടിന്റെ നന്മയ്ക്കായി തങ്ങളാലാവുന്ന എളിയ പങ്ക് വഹിച്ചു കൊണ്ടാണിരുന്നത്. സ്വാതന്ത്ര്യസമര രംഗത്ത് സഭാനേതൃത്വം ചിലപ്പോഴെങ്കിലും നിഷേധനിലപാട് സ്വീകരിക്കുകയും സ്വതന്ത്രതിരുവിതാംകൂർവാദിയായിരുന്ന സി.പി. രാമസ്വാമിക്ക് 'മംഗള പത്രം' കൊടുത്ത് പ്രകീർത്തിക്കുവാൻ മുന്നിട്ടു നിന്നിരുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. എന്നാൽ സാധാരണക്കാരായ അനേകം സഭാംഗങ്ങൾ രാഷ്ട്രനിർമ്മാണത്തിൽ നിസ്വാർത്ഥപങ്കാളിത്തം വഹിച്ചിരുന്നു എന്നത് ഒരു ചരിത്രസത്യമാണ്. പക്ഷേ ദിദിമോസ് ബാവാ പേരെടുത്ത് പറയുന്നത് സി.എം. സ്റ്റീഫൻ, പി.സി. അലക്സാണ്ടർ, കെ.എം. ഫിലിപ്പ് എന്നിവരടങ്ങിയ ഒരു ചെറിയ കൂട്ടത്തെയാണ്. ഇവരൊക്കെ നിസാരന്മാരാണെന്ന് എനിക്കു പക്ഷമില്ല. പക്ഷേ 'രാഷ്ട്രനിർമ്മാണത്തിൽ' ഇവരുടെ പങ്ക് 'വലുതാക്കി' കാണിക്കുന്നത് സാമാന്യമായി പറഞ്ഞാൽ "രാഷ്ട്രനിർമ്മാണം" എന്ന പദത്തിന്റെ കേവലമായ നിസാരവൽക്കരണമാണ്. ബാവായുടെ ലിസ്റ്റിലെ രണ്ടുപേർ അധികാരസ്ഥാനങ്ങൾക്കുവേണ്ടി നിലപാടുകളിൽ ഉറച്ചുനിൽക്കുന്നതിലുപരി 'കാലുമാറ്റങ്ങളിൽ' നാരായണക്കുറുപ്പിനേക്കാൾ അല്പം മാത്രം ഉയർന്നുനിൽക്കുന്നവരുമായിരുന്നു! അവരിൽ എനിക്കുകാണുവാൻ കഴിയുന്ന സവിശേഷത ഉന്നത സ്ഥാനങ്ങൾ വഹിച്ചിരുന്ന സാധാരണക്കാരായ മലയാളികൾ എന്നതായിരുന്നു അവരെ 'രാഷ്ട്രനിർമ്മാതാക്കളുടെ' പട്ടികയിൽ പെടുത്തുന്നത് രാഷ്ട്രതാല്പര്യങ്ങൾക്കുവേണ്ടി ജീവൻ വെടിഞ്ഞ സാധാരണക്കാരായ രക്തസാക്ഷികളോടുള്ള അവജ്ഞയും അവഗണനയുമാണ് ശ്രീ. കെ.എം. ഫിലിപ്പ് നല്ല ഒരു ബിസിനസ്സുകാരനും സംഘാടക രംഗത്ത് പ്രതിഭയുമായിരുന്നു എന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. ഗാന്ധിയൻ ജീവിത മാർഗത്തിൽ ജീവിച്ചവരും സഭയ്ക്കും സമൂഹത്തിനും മാതൃകയുമായിരുന്ന രാഷ്ട്രനിർമ്മിതിയിൽ പങ്കാളികളായിരുന്ന അനേകരിൽ വിസ്മരിക്കുവാൻ പാടില്ലാത്ത മലങ്കരസഭാംഗങ്ങളായ കെ.സി. ഏബ്രാഹം മാസ്റ്റർ, എ.എം. തോമസ് തുടങ്ങിയവരെ വിസ്മരിക്കുവന്നവർ നിഷേധിക്കുന്നത് വ്യക്തികളെയല്ല പല അടിസ്ഥാന മൂല്യങ്ങളെയുമാണെന്ന് വിസ്മരിക്കരുത്.

## കാൽകഴുകൽ ശുശ്രൂഷകൾ

യാക്കോബായ-ഓർത്തഡോക്സ് സഭകളിൽ ഹാശാ ആഴ്ചയിൽ നടക്കുന്ന ഒരു സുപ്രധാന ചടങ്ങാണ് കാൽ കഴുകൽ ശുശ്രൂഷ. മാധ്യമങ്ങളിൽ അനേകം റിപ്പോർട്ടുകൾ കാണുന്നു. കർത്താവ് തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി ക്രിസ്തീയ ശുശ്രൂഷ എന്താണെന്ന് കാണിച്ചുതന്ന മഹത്തായ ഒരു മാതൃകയുടെ 'മഹത്വീകരണമാണ്' ഇന്ന് മിന്നുന്ന ക്യാമറയ്ക്ക് മുന്നിലും സഹശുശ്രൂഷക്കാരുടെ സഹകരണ സേവന ബലത്തിലും നടത്തിവരുന്ന ഒരു ചടങ്ങായി വളരെ അധപതിച്ചുപോയിട്ടില്ലേ എന്ന് എല്ലാ പിതാക്കന്മാരും ആത്മ പരിശോധന നടത്തണമെന്നപേക്ഷിക്കുന്നു. ഗൾഫിലും അമേരിക്കയിലും ധനസമൃദ്ധിയുടെ മടിത്തട്ടിലും മാത്രം ഇന്ന് ഒതുങ്ങിക്കൂടുന്ന ഈ 'ശുശ്രൂഷ' വളരെ ആത്മിക ശുഷ്കത പ്രതിഫലിപ്പിക്കുന്നത് വീണ്ടെടുക്കുവാൻ കഴിയണം. ശുശ്രൂഷയിൽ കേട്ട ഒരു ഗീതം ഇവിടെ പകർത്തട്ടെ

"സ്നേഹത്തോടു വിശ്വാസത്തിൻ നിറവില്ലാത്തോൻ

കഴുകലിനെത്തേണ്ട

കഴുകീടണമാത്മാവിനെയും പാപം പോക്കാൻ ശുദ്ധ മനസ്സോടെ"

കാലം ചെയ്ത അഭിവന്ദ്യനായ ഏബ്രഹാം മോർ ക്ലിമ്മീസ് തിരുമേനി ഈ ചടങ്ങ് നിർവഹിച്ചിട്ടില്ല എന്ന് കേട്ടിട്ടുണ്ട്. ഇതൊനരിവാര്യ 'ശുശ്രൂഷ' ആണെങ്കിൽ കത്തോലിക്കാ പാരമ്പര്യത്തിലേപ്പോലെ എല്ലാ ഇടവകകളിലും വൈദികരുടെ നേതൃത്വത്തിൽ സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പായി ഹാശാ ആഴ്ചയുടെ ആത്മിക വർദ്ധനവിനു അനുയോജ്യമായ വിധത്തിൽ വൈദികരുടെ നേതൃത്വത്തിൽ നടത്തുവാൻ ക്രമീകരിക്കണം. അല്ലാത്ത പക്ഷം ക്ലിമ്മീസ് തിരുമേനിയുടെ മാതൃക സ്വീകരിക്കണം. വലിയ നോമ്പിന്റെ ആരംഭത്തിലെ 'ശുബ്ക്കോനോയും' ദു:ഖശനിയാഴ്ചയിൽ 'വാതിൽതുറ' ശുശ്രൂഷയും നടത്താത്ത രീതിയും ഇവിടെ സ്മരണീയമാണ്. 'വാതിൽതുറ' ശുശ്രൂഷ ഇപ്പോഴത്തെ 'ആണ്ടുതക്സാ' യിൽ പോലുമില്ലത്രേ.

## ദിദിമോസ് ബാവായുടെ തിരഞ്ഞെടുപ്പ്

മെത്രാൻ കക്ഷിനേതൃത്വത്തിലേക്ക് ദിദിമോസ് ബാവാ അഭിഷിക്തനായത് ധൃതഗതിയിലും മതിയായ അറിയിപ്പു കൂടാതെയും സഭയിലെ മെത്രാന്മാരുടെ പോലും മുഴുവൻ സാന്നിധ്യം ഉറപ്പാക്കാതെയുമായിരുന്നു. പരുമലപള്ളിയുടെ ഉള്ളിൽപോലും അനേകം 'ശൂന്യസ്ഥലങ്ങൾ' ടി.വി പ്രക്ഷേപണത്തിൽ ദൃശ്യമായിരുന്നു. ഇതൊക്കെ മെത്രാൻകക്ഷിക്കാരുടെ ആഭ്യന്തരവിഷയം എന്ന് മാത്രം ചിന്തിച്ച് അവഗണിക്കേണ്ടകാര്യം മാത്രമേ പാത്രിയർക്കീസ് കക്ഷിക്ക് ആവശ്യമുള്ളൂ. എന്നാൽ വാഴ്ച കഴിഞ്ഞ ഉടൻ 'കാഞ്ഞിരപ്പള്ളിക്കാരനും പന്തളംകാരനുമായ' രണ്ടുപേർ ചേർന്ന് ഒരു 'ഉടക്കു' കേസുമായി രംഗത്തുവന്നു ഭരണ ഘടനാവിരുദ്ധവും സുപ്രീംകോടതി വിധിയുടെ അന്തസത്ത ഉൾക്കൊള്ളാത്തതുമായ 'ധൃതഗതിവാഴ്ച' യ്ക്ക് ഒരു നിയമപിൻബലം നൽകാനുള്ള 'ചെപ്പടിവിദ്യ' ആയിട്ടുമാത്രമേ ഈ ലേഖകൻ അതാദ്യം കണ്ടിരുന്നുള്ളൂ. എന്നാൽ മെത്രാൻ കക്ഷി മാധ്യമപ്പടയുടെ ആഞ്ഞടിക്കലുകളും പ്രതിരോധ സംരംഭങ്ങളും സുപ്രീംകോടതിവരെപ്പോകുന്ന വാദികളുടെ വീര്യവും കാണുമ്പോൾ പാളയത്തിൽ പടയുടെ ശക്തി വെളിച്ചത്തുവരുന്നുണ്ട്. അതിലേതൊന്നും കടക്കാതെ ചില അടിസ്ഥാന വസ്തുതകൾ വായനക്കാരുമായി പങ്കിടട്ടെ.

❖ 1995 ലെ സുപ്രീംകോടതി വിധിയിൽ 1970 ഡിസംബർ 31 നു ശേഷമുള്ള തെരഞ്ഞെടുപ്പുയോഗങ്ങളെ വിഭാഗീയ യോഗങ്ങളായി മാത്രമേ കണ്ടിട്ടുള്ളു.

❖ മേൽപ്പറഞ്ഞ നിഗമനത്തിന്റെ വെളിച്ചത്തിലാണ് മാത്യൂസ് ദ്വിതീയൻ ബാവായുടെ 'മലങ്കരമെത്രാൻ' തെരഞ്ഞെടുപ്പ് വീണ്ടും 'നിയമാനുസൃത' മലങ്കര അസോസിയേഷൻ യോഗം കൂടി അംഗീകരിക്കേണ്ടിവന്നത്.

❖ പരുമല യോഗത്തിൽ വച്ച് 'സാങ്കേതികമായി' ഒരു അംഗീകരണത്തിലൂടെ 'നിയമപഴുത്' അടക്കാമായിരുന്ന ഈ കാര്യം മെത്രാൻ കക്ഷി നേതൃത്വത്തിൽ അപക്വതയോ അഹങ്കാരമോ മൂലം ചെയ്തിട്ടില്ല.

❖ പാത്രിയർക്കീസ് പക്ഷത്തിന് ഇക്കാര്യത്തിൽ അങ്കലാപ്പിനും ഇടപെടലിനും ആവശ്യമില്ല. 1912-മുതൽക്കുള്ള കാതോലിക്കാ സ്ഥാന 'വാഴ്ച' കളിൽ (1964 - ലെ കാനോനിക വാഴ്ച ഒഴികെ) എല്ലാം ഈ തരത്തിലുള്ള സാങ്കേതിക പിഴവുകളും അകാനോനിക ക്രിയകളും മൂലം ഈ സ്ഥാനം തന്നെ ആകമാന സഭയിൽ അംഗീകരണമില്ലാത്തതാണ്. മുടക്കപ്പെട്ട പാത്രിയർക്കീസിന്റെ സാന്നിധ്യം, മലങ്കരമെത്രാന്റെ അസാന്നിധ്യം, കാനോനിക മെത്രാന്മാരുടെ അഭാവം, ആകമാന സഭയുടെ അംഗീകരണമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ മെത്രാൻകക്ഷി കാതോലിക്കേറ്റ് എന്നും എന്നതുപോലെ ഈ പ്രാവശ്യവും അതിന്റെ 'തനിമ' നിലനിർത്തിയിരിക്കുന്നു.

❖ ഈ കേസ് 'ദുർബലമായി നടത്തി' അനുകൂല നിയമ പിൻബലം നേടിയെടുക്കുവാനുള്ള 'കുതന്ത്രം' ആണെന്ന അപകടം മനസ്സിലാക്കി ആവശ്യമായ നിയമ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകുവാൻ പാത്രിയർക്കീസ് പക്ഷം ജാഗ്രത പുലർക്കേണ്ടതാണ്.

❖ 1934 ഭരണഘടന പ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസിനെ 'ക്ഷണിച്ച്' മാത്രം നടത്തേണ്ട ഈ വാഴ്ച നിയമാനുസൃണം നിർവഹിച്ചതായി കരുതുവാൻ നിവൃത്തിയില്ല.

❖ 'മലങ്കരസഭയാൽ അംഗീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ' എന്ന ഭരണഘടനാ വകുപ്പിന്റെ സാങ്കേതിക പിൻബലം ഇവിടെ നിയമാനുസൃതം 1995 വിധിപ്രകാരം - കാതോലിക്കാ കക്ഷിക്കു രക്ഷപെടുവാനുള്ള കച്ചിത്തുരുമ്പാകില്ല.

❖ 1995 വിധിപ്രകാരം ഇപ്പോഴത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭയുടെ അനിഷേധ്യ ആത്മിക പരമാധ്യക്ഷനായി തുടരുന്നു.

❖ ഈ ആത്മിക പരമാധ്യക്ഷതയെ നിഷേധിച്ച് മലങ്കരസഭയുടെ പരമാധ്യക്ഷനായി കാതോലിക്കായെ അഭിഷേകം ചെയ്തതായ പ്രഖ്യാപനം തന്നെ ഭരണ ഘടനയ്ക്കും സുപ്രീം കോടതിവിധിക്കും എതിരായ അധാർമ്മിക പ്രവർത്തനങ്ങളാണ്.

❖ മലങ്കരയിൽ 1912-ൽ ( അകാനോനികമായിട്ടെങ്കിലും) സ്ഥാപിതമായ മപ്രിയാനസ്ഥാന തുല്യമായ കാതോലിക്കേറ്റിന്റെ പിൻതുടർച്ച സ്വതന്ത്ര-പരമാധ്യക്ഷസ്ഥാനമായി പ്രഖ്യാപിക്കുന്നത് സമകാലിക ചരിത്രത്തോടുപോലുമുള്ള നഗ്നമായ വെല്ലുവിളിയും നിഷേധവുമാണ്.

❖ സർവോപരി ഈ അധാർമ്മികതയ്ക്കുമെതിരായ സ്വപക്ഷത്തെ വെല്ലുവിളികൾ സ്വപക്ഷത്തെ സംഘടനാ ദൗർബല്യവും അനുയായികളെ ബോധ്യപ്പെടുത്തുവാനുള്ള ദൗർബല്യവുമായി തിരിച്ചറിയുന്നതിനു പകരം മാധ്യമങ്ങളിലൂടെ മറ്റുള്ളവരെ പുലഭ്യം പറയുവാനാണ് കാതോലിക്കാ കക്ഷി ശ്രമിക്കുന്നത്.

## വർഗീസച്ചന്റെ വൈരാഗ്യം

മെത്രാൻ കക്ഷി വൈദികരിൽ കക്ഷി-വിഭാഗീയതയിൽ തീവ്രവാദിയാണ് വൈദിക സെമിനാരി അധ്യാപകൻകൂടിയായ ഫാ. ഡോ. റ്റി.ഐ. വർഗീസ്. അദ്ദേഹം എന്തെഴുതിയാലും പാത്രിയർക്കീസിനെ പത്ത് തെറി പറയും! കോനാട്ടുമല്പാന്മാരെയും വെറുതേവിടുകയില്ല. അദ്ദേഹത്തിനു തൊട്ടുമുമ്പുവരെയുള്ള എല്ലാ മെത്രാൻ കക്ഷി നേതാക്കളും ഒന്നും അറിയാൻ പാടില്ലാത്ത പമ്പര വിഡ്ഢികളായിരുന്നു എന്നുതോന്നും അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിച്ചാൽ! കഴിഞ്ഞ ലക്കം 'മലങ്കര സഭാദീപത്തിൽ' അദ്ദേഹത്തിന്റെ ഒരു പാണ്ഡിത്യ പ്രകടനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാതോലിക്കേറ്റ് എന്നാൽ റോമാ സാമ്രാജ്യത്തിന്റെ ഉള്ളിലുണ്ടായിരുന്ന നാലു പാത്രിയർക്കീസന്മാരെപ്പോലെ 'പരിമിതമായ' ഒരു സ്ഥാനം അല്ലായിരുന്നു എന്നും റോമാ സാമ്രാജ്യത്തിനു കിഴക്കുള്ള പേർഷ്യാമുതൽ കിഴക്കുമുഴുവനും വിപുലമായ അധികാരം ഉണ്ടായിരുന്ന 'അനിഷേധ്യ പരമാധികാരിയും ഏക നേതാവും' ആയിരുന്നു എന്ന് പ്രഖ്യാപിച്ചിരിക്കുന്നു! ഒരു കാര്യം മാത്രം അദ്ദേഹം വിട്ടുകളഞ്ഞു. ഈ പരമാധികാരി 'നെസ്തോറിയൻ' ആയിരുന്നു എന്നതു മാത്രം! അദ്ദേഹത്തിന്റെ 'ഏകനേതൃപരമാധികാരം' സത്യവിശ്വാസികളായ ഓർത്തഡോക്സുകാരുടെ മേലായിരുന്നില്ലെന്നും ആകമാന സഭയുമായി യാതൊരു സംസർഗവും ഈ സ്ഥാനിക്കില്ലായിരുന്നു എന്നും അദ്ദേഹം പരാമർശിച്ചിട്ടില്ല. അദ്ദേഹം ഉൾപ്പെടുന്ന സെമിനാരി ഫാക്കൽട്ടി പഠിപ്പിക്കുന്നതും സംരക്ഷിക്കുവാൻ പരിശ്രമിക്കുന്നതും ഓർത്തഡോക്സ് ദൈവശാസ്ത്രം. ഇക്കാര്യത്തിൽ ഇതു മാത്രമാണ് ശരി എന്ന് അവർ പറയുന്നു. നെസ്തോറിയരുമായി യാതൊരു സംസർഗവും പാടില്ലെന്ന് ഇന്നും വൈരാഗ്യത്തോടെ വാശി പിടിക്കുന്നു. 'നെസ്തോറിയൻ' ചിന്താഗതി ദൈവശാസ്ത്രത്തിലില്ല, എന്ന് നിർവിശങ്കം പ്രഖ്യാപിക്കുന്ന ത്രിശൂരിലെ കൽദായ സഭയെ ഒരു സഭയായി അംഗീകരിക്കുകയോ അവരുടെ വൈദികാർത്ഥികളെ വൈദിക സെമിനാരിയിൽ പഠിപ്പിച്ചാൽ തങ്ങളുടെ ഓർത്തഡോക്സി ചോർന്നു പോകും എന്ന് കരുതുകയോ ചെയ്യുന്ന മെത്രാൻ കക്ഷി ശാസ്ത്രജ്ഞന്മാർ സഭാചരിത്രം പറയുമ്പോൾ അവരുടെ പൂർവികന്മാരും തങ്ങളുടെ കാതോലിക്കേറ്റും 'നെസ്തോറിയ' മായിരുന്നു എന്ന് വാദിക്കുവാൻ ഒരു 'ഉളുപ്പും' ഇല്ലാത്തത് എന്നതാണ് വിരോധാഭാസം.!

കാര്യം ഇങ്ങനെ ഒക്കെ ആണെങ്കിലും നമ്മുടെ വർഗീസച്ചന്റെ വൈരാഗ്യം മൂത്തപ്പോൾ ചില ചരിത്രസത്യങ്ങൾ ഈ ലേഖനത്തിൽ സമ്മതിച്ചുതരുന്നുണ്ട്. 1912 ലെ കാതോലിക്കാ സ്ഥാപനം മെത്രാൻചേരിയിൽ മാത്രം സ്ഥാപിതമായതാണ്. സ്ഥാനഭ്രഷ്ടനായ ഒരു മുൻ പാത്രിയർക്കീസാണ് ഇത് സ്ഥാപിച്ചത്. പാത്രിയർക്കീസിനെ സഭാ ഭരണകാര്യങ്ങളിൽ നിന്നും മാറ്റിനിർത്തുക - സ്വയമായി മെത്രാന്മാരെ വാഴിക്കുക എന്നതുമാത്രമമായിരുന്നു ലക്ഷ്യം. മലങ്കരസഭാ സ്വാതന്ത്ര്യമൊന്നും ചിന്താവിഷയമേ ആയിരുന്നില്ല. സ്ഥാപനവേളയിൽ ഈ സ്ഥാനം അലങ്കരിക്കുവാൻപോലും തയ്യാറുള്ളവർ ഇല്ലായിരുന്നു. വാർദ്ധക്യത്തിൽ എത്തിയ മുറിമറ്റം ഈവാനിയോസിനെ ഹേമം ചെലുത്തിയാണ് ഈ സ്ഥാനത്തിരുത്തിയത്. ശേഷം 13 വർഷത്തേക്ക് ഈ സ്ഥാനം അലങ്കരിക്കുവാൻ ആരും തയ്യാറല്ലായിരുന്നു. 1925 - ൽ രണ്ടാം കാതോലിക്കായെ മനസ്സില്ലാ മനസ്സോടെ വാഴിച്ചെങ്കിലും അദ്ദേഹത്തിനു കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞില്ല. എന്താ സംശയമുണ്ടോ? ഇതൊക്കെ ആരെഴുതിയതാണെന്ന് ? മലങ്കരസഭാദീപം വായിച്ചു നോക്ക് ! ഡോ. റ്റി.ഐ. വർഗീസച്ചൻ വൈരാഗ്യം മൂത്താൽ ചിലപ്പോഴൊക്കെ ചില സത്യങ്ങൾ വിളിച്ചു പറയും എന്ന് ബോദ്ധ്യമാകും! ദൈവം അനുഗ്രഹിക്കട്ടെ.

# സത്യഇടയൻ

**ചിറത്തലാട്ട് കെ. ജോയി**

മരണത്തെ മുന്നിൽ കണ്ടുകൊണ്ടു നദിയിൽ ഒഴുക്കിയ മോശയെ ദൈവം യിസ്രായേലിന്റെ പുനരുദ്ധാരകനായി ഉയർത്തിയെങ്കിൽ തുർക്കിയിൽ നിന്നും കുർദ്ദികളുടെ ആക്രമണത്തിൽ നിന്നും ജീവൻ രക്ഷിക്കുവാൻ വേണ്ടി പാലായനം ചെയ്തവർ അതികഠിനമായ ജ്വരം ബാധിച്ചതുമൂലം വഴിയോരത്തിൽ മരണത്തിനായി ഉപേക്ഷിക്കപ്പെട്ട ഒൻപതു വയസ്സുള്ള യേശുവെന്ന പൈതലിനെ മൂന്നു ദിവസങ്ങൾക്കുശേഷം ദമത്രിയോസ് എന്ന വൈദികൻ എടുത്തു മരണത്തിൽ നിന്നും രക്ഷിച്ചു വളർത്തി അമേരിക്കൻ ഭൂഖണ്ഡത്തിൽ സുറിയാനി സഭയുടെ ശിൽപിയും ആകമാനസുറിയാനി സഭയുടെ അഭിമാനവുമായി ദൈവം ഉയർത്തി. വിശുദ്ധ നാടുകളിൽ കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്കു സഹായഹസ്തം തേടി "പ. അപ്രേം പാത്രിയർക്കീസ് ബാവായാൽ നിയോഗിതനായി". 1949 ജാനുവരി തീയതി അമേരിക്കയിലെ ജേഴ്സി സിറ്റിയിൽ കാലുകുത്തുമ്പോൾ അമേരിക്കയിൽ ആകെ രണ്ടു ദേവാലയമേ ഉണ്ടായിരുന്നുള്ളു. 1952 മെയ് 13 തീയതി അമേരിക്കയുടെയും കാനഡായുടെയും പേട്രിയാർക്കൽ വികാർ ആയി നിയമിച്ചു. അങ്ങിങ്ങായി ചിതറികിടന്നിരുന്ന സുറിയാനി ക്രിസ്ത്യാനികളെ ഏകോപിപ്പിച്ച് വിവിധ സ്ഥലങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിച്ചു. മലങ്കര മക്കൾക്ക് ഫാ. ജോൺ ജേക്കബിന്റെ (അഭി. യൂഹാനോൻ മാർ പീലക്സിനോസ്) നേതൃത്വത്തിലും അഭി. തിരുമേനിയുടെ അനുഗ്രഹാശിസുകളോടും കൂടി സ്റ്റാറ്റൻ ഐലൻഡ് സെന്റ് ഗ്രീഗോറിയോസ് ദേവാലയം തുടങ്ങി ഏകദേശം 20 ദേവാലയങ്ങൾ തിരുമേനിയുടെ ഭരണകാലത്തുണ്ടായി. പ്രസിദ്ധമായ വി. മത്തായിയുടെ ദേവാലയത്തിലും, ഗബ്രിയേൽ ദേവാലയത്തിലും നടന്ന പല നിർമ്മാണ പ്രവർത്തനങ്ങളുംഅഭി. തിരുമേനിയുടെ ശ്രമഫലമായിരുന്നു. ന്യൂജേഴ്സി സെന്റ് മാർക്ക് ദേവാലയവും, അതിനോട് ചേർന്നുള്ള മനോഹരമായ അരമനയും തിരുമേനിയുടെ ഭരണനേട്ട



# സത്യഇടയൻ

മാണു സിറിയക്കാരുടേതായ ഒരു സെമിത്തേരിയും, അതിനോട് ചേർന്നൊടു ദേവാലയവും തിലകക്കുറി ചാർത്തുന്ന മറ്റൊരു നേട്ട മാണി.

യേശു മോർ അത്താനാസിയോസ് മലങ്കര സഭയുടെ പ്രിയപ്പെട്ട പിതാവായിരുന്നു. 1931 ൽ പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായോടൊപ്പം യേശു റമ്പാച്ചൻ, ആദ്യമായി മലങ്കര സന്ദർശിച്ചു. 1961 ൽ ന്യൂഡൽഹിയിൽ നടന്ന **W.C.C** മീറ്റിങ്ങിൽ പരി. പത്രിയർക്കീസ് ബാവായുടെ പ്രതിനിധിയായും, 1972, 76, 82 എന്നീ വർഷങ്ങളിലെ പാത്രിയർക്കാ ദിനാഘോഷങ്ങളുമുൾപ്പടെ 5 തവണ അദ്ദേഹം മലങ്കര സന്ദർശിച്ചിട്ടുണ്ട്. മഞ്ഞിനിക്കരയിൽ പരി. ബാവായുടെ കബറിനോട് ചേർന്ന് അന്ത്യവിശ്രമം കൊള്ളണമെന്നു പോലും ആ കാലഘട്ടങ്ങളിൽ തിരുമേനി ആഗ്രഹിച്ചിരുന്നു. മലങ്കരയിലെ പല വൈദികർക്കും അമേരിക്കയിൽ വരുന്നതിനും സഭയെ സേവിക്കുന്നതിനും ഒരു നല്ല ജീവിതം പടുത്തുയർത്തുന്നതിനും തിരുമേനിയുടെ സഹായഹസ്തം താങ്ങായിരുന്നു. മലങ്കര മക്കളേയും അമേരിക്ക സന്ദർശിക്കുന്ന സഭാ പിതാക്കന്മാരെയും ഏതു സമയത്തും, തിരുമേനിയുടെ അരമനയിൽ വളരെ സന്തോഷത്തോടെ സ്വീകരിച്ചിരുന്നു. എന്നാൽ 1981 ൽ ന്യൂയോർക്കിൽ ഒരു ഇടവകയിലുണ്ടായ ഭിന്നത അഭി. തിരുമേനിയും മലങ്കര സഭാ മക്കളുമായുള്ള ബന്ധത്തെ ഉലച്ചു. തുടർന്ന് മലയാളി മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ട സഖറിയാസ് മോർ നിക്കോളാവോസിന്റെ ധിക്കാരപവും നന്ദിയില്ലാത്തതുമായ പ്രവർത്തനങ്ങൾ തിരുമേനിയെ ദുഃഖിതനാക്കിയെന്നു മാത്രമല്ല, മലങ്കര മക്കളോടുള്ള അദ്ദേഹത്തിന്റെ വീക്ഷണഗതി തന്നെ മാറ്റിമറിച്ചു.

തിരുമേനി പലപ്പോഴും ആകമാന സുറിയാനി സഭയുടെ വക്താവായിരുന്നു. 1961ൽ ന്യൂ ഡൽഹിയിലെയും, 68 ൽ സ്വീടനിലെയും 83 ൽ കാനഡായിലെയും സമ്മേളനങ്ങളിൽ പരി. പാത്രിയാർക്കീസ് ബാവായുടെ പ്രത്യേക പ്രതിനിധിയായി അദ്ദേഹം നിയോഗിക്കപ്പെട്ടു. കൂടാതെ പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായോടൊപ്പവും അതിനുശേഷം പരി. സാഖാ ബാവായോടുംകൂടെ വത്തിക്കാൻ, ജനീവ തുടങ്ങി വിവിധ സഭാകേന്ദ്രങ്ങൾ സന്ദർശിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. കോപ്റ്റിക്ക് പോപ് ഷെന്യൂടാ മൂന്നാമന്റെ സ്ഥാനാരോഹരണത്തിൽ പരി. പാത്രിയർക്കീസ് ബാവായോടൊപ്പം തിരുമേനിയും പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്നു. 1973 ൽ രൂപീകൃതമായ കോൺഫറൻസിന്റെ ആദ്യസമ്മേളനത്തിൽ തന്നെ വൈസ് ചെയർമാനായി തിരുമേനി തിരഞ്ഞെടുക്കപ്പെട്ടു. വേദ ഗവേഷണ മേഖലയിലും തിരുമേനിയുടെ സംഭാവനകൾ നിസ്തുലമാണ്. 1947 ൽ കുമ്റാൻ ഗുഹകളിൽ നിന്നും ആട്ടിടയന്മാർക്കു കിട്ടിയ ചാവുകടൽ ചുരുൾ, ജോർജ്ജ് ഷായാ എന്ന കച്ചവടക്കാരനിൽ നിന്നും തിരുമേനിവാങ്ങിക്കുകയും അത് വേദ ചരിത്രത്തിൽ ഒരു നാഴികകല്ലായി മാറുകയും ചെയ്തു. ചാവുകടൽ ചുരുളിൽ യെശ്ശയ്യാ പ്രവചനത്തിന്റെ ഒരു കയ്യെഴുത്തു പ്രതിയും, ഹബബൂക്ക് പ്രവചനത്തിന്റെ ഒരു വ്യാഖ്യാനവും, അരമായ ഭാഷയിലെഴുതിയ ഉൽപ്പത്തി പുസ്തകവും പ്രാചീന യെഹൂദന്മാർ ആചരിക്കേണ്ട നിയമാവലിയും ഉൾപ്പെട്ടിരുന്നു. പ്രസ്തുത ചുരുൾ 1954 ൽ Sidney Esteridge വാങ്ങിക്കുകയും നഷ്ടപ്പെടാതെ ചരിത്ര വസ്തുവായി സൂക്ഷിക്കുകയും ചെയ്തു.

1907-ലെ തമ്പുരാന്റെ ജനനപെരുന്നാളിനു ജാതം ചെയ്ത ആദിജാതനു സൗമേയും ഖടോനും, യേശു എന്നു തന്നെ പേരിട്ടു. തുർക്കിയിലെ നുസെബിൻ ഗ്രാമത്തിൽ ഒരു ചെറിയ കർഷക കുടുംബം ആയിരുന്നു അവരുടേത്. യേശുവിനെ കൂടാതെ മാൽകി എന്നൊരു പുത്രനും കൂടെ ഉണ്ടായി. 1915 നോടുകൂടി ഓട്ടോമൻ ചക്രവർത്തി തുർക്കിയിലെ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്ന കാലഘട്ടമായിരുന്നു. ആ വർഷം തന്നെ അവരുടെ പ്രിയപ്പെട്ട പിതാവു കോളറ ബാധിച്ചു മരിച്ചു. സൗമേയുടെ സഹോദരൻ ജോസഫിന്റെയും പരിലാളനത്തിൽ യേശുവും മാൽകിയും കുർദ്ദികളുടെ പീഡനങ്ങളുടെ നടുവിൽ വളർന്നു. 1916-ൽ അവർ ഹിൽവാ ഗ്രാമം ഉപേക്ഷിച്ചു പാലായനം ചെയ്യുവാൻ തീരുമാനിച്ചു. മാതാവായ ഖടൊവിൻ അനുജനായ മൽകിയുമായി പിന്നാലെ എത്തിക്കൊള്ളാമെന്നു പറഞ്ഞു യേശുവിനെ ജോസഫിനോടൊപ്പം യാത്രയാക്കി. എന്നാൽ വഴിയിൽ വച്ചു ജോസഫിനേയും സഹയാത്രക്കാരെയും കുർദ്ദികൾ ആക്രമിച്ചു. അവർ അടുത്തുള്ള ഒരു ദയറായിൽ അഭയം തേടി അവിടെയും അവർ നേരിടേണ്ടി വന്ന ആക്രമണത്തിൽ ജോസഫ് കൊല്ലപ്പെട്ടു. പൈതലായ് യേശു കഠിനജ്വരം പിടിച്ചു അവശതയിലായി. അങ്ങനെ ഹിൽവഗ്രാമക്കാർ സുരക്ഷിതമായ മലമ്പ്രദേസത്തേയ്ക്കു പ്രയാണം ചെയ്തു. തങ്ങളുടെ മുൻപോട്ടുള്ള പ്രയാണത്തിൽ പനിമൂലം അവശതയിലായ യേശു, രക്ഷപെടുവാൻ സാധ്യതയില്ലെന്നു മനസ്സിലാക്കിയ സഹയാത്രക്കാർ യേശുവിനെ വഴിയിൽ ഉപേക്ഷിച്ചിട്ടുപോയി; മൂന്നാം ദിവസം അതുവഴി കടന്നുപോയ ദമത്രിയോസ് എന്ന വൈദികൻ വഴിയോരത്തു ഒരു പാറയുടെ നിഴലിൽ അവശനായി കിടന്നുഞരങ്ങുന്ന യേശുവിനെ കണ്ടു. അദ്ദേഹവും ഭാര്യ മേരിയും കൂടി യേശുവിനെ സ്വന്ത വീട്ടിൽ കൊണ്ടുപോയി ശുശ്രൂഷിച്ചു. അങ്ങനെ അവിടെവച്ചു യേശുവിനു ഒരു പുതിയ ജീവിതം കിട്ടിയെന്നുമാത്രമല്ല പ്രിയപ്പെട്ട മാതാവിനെ കണ്ടുമുട്ടാനും സാധിച്ചു. പക്ഷേ ആ സന്തോഷം പൂർണ്ണമായിരുന്നില്ല. കാരണം യേശുവിന്റെ കൊച്ചനുജൻ മൽക്കി അക്രമികളാൽ കൊല്ലപ്പെട്ടിരുന്നു. അവിടെനിന്നും യേശുവും മാതാവും കൂടി വീണ്ടും യാത്ര തുടർന്നു. സുറിയായിലുള്ള ആലപ്പോയിൽ എത്തി ഏതാനും മാസങ്ങൾ അവിടെ കഴിച്ചു. അമ്മയും മകനും ഒരു അഭയാർത്ഥി ട്രെയിനിൽ കയറി ആലപ്പോയിൽ എത്തി ഏതാനും മാസങ്ങൾ അവിടെ താമസിച്ചശേഷം തുർക്കിയിലുള്ള അഥേനയിലേയ്ക്കു പോയി. അപ്പോഴേയ്ക്കും തുർക്കിയുടെ നല്ലൊരു ഭാഗം ഫ്രഞ്ചു അധീനതയിലായിരുന്നു. അവിടെ സിറിയൻ കുട്ടികൾക്കുള്ള ഒരു സ്ക്കൂളിൽ ചേർന്നു പഠനമാരംഭിച്ചു. അഥേന വീണ്ടും തുർക്കികളുടെ അധീനതയിലായപ്പോൾ യേശുവും മാതാവും യെരുശലേമിനെ ലക്ഷ്യമാക്കി യാത്ര തുടർന്നു 1923 ലെ ഹാശായാഴ്ചയിൽ ഇരുവരും വിശുദ്ധനാട്ടിൽ എത്തി. അക്രമികളാൽ തന്റെ പ്രിയമകൻ മൽക്കി കൊല്ലപ്പെട്ടപ്പോൾ മാതാവായ ഖടൊവിൻ യേശുവിനെ കണ്ടുകിട്ടുകയാണെങ്കിൽ വിശുദ്ധനാട്ടിൽ പോകണമെന്നുള്ള ആഗ്രഹം അങ്ങനെ സഫലമായി. സുപ്രസിദ്ധമായ സെന്റ് മാർക്ക് ദയറായിൽ ചേർന്നു യേശു പഠനം തുടർന്നു. താമസംവിന ദയറായുടെ ലൈബ്രറിയുടെ ചുമതല അദ്ദേഹത്തെ ഏൽപിച്ചു. ഈ കാലഘട്ടത്തിൽ പുരാണഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുവാൻ സാധിച്ചുവെന്ന് പിന്നീട് അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. മർക്കോസിന്റെ ദയറായിൽ ഒരു വിദ്യാർത്ഥിയായി തുടങ്ങി റമ്പാനായി, വൈദികനായി, ആർച്ച് ബിഷപ്പായി അങ്ങനെ കാൽ നൂറ്റാണ്ടു കാലം ഗുരുകുല ജീവിതമായിരുന്നു.

തികഞ്ഞ സാധാരണക്കാരനായി സാത്വിക ജീവിതം നയിച്ച തിരുമേനിയുടെ പ്രവർത്തനങ്ങളെ ആദരിച്ച് പരി. പാത്രിയർക്കീസ് ബാവാ “സത്യ ഇടയൻ” ro ‘yo shariro എന്ന ബഹുമതിയോടെ പരി. ഇഗ്നാത്തിയോസ് നൂറോനോയുടെ കുരിശ് നൽകി ആദരിച്ചു. 1995 ഏപ്രിൽ 16 നു ആ സത്യ ഇടയൻ നമ്മെ വിട്ടു തന്റെ വലിയ ഇടയനോടൊപ്പം ചേർന്നു. നെതർലാൻഡ്സിലെ സെന്റ് മേരീസ് കത്തീഡ്രലിൽ ആ പിതാവ് അന്ത്യ വിശ്രമം കൊള്ളുന്നു.

# മഹാസ്മരണകൾ പഠിപ്പിക്കേണ്ടത് എന്തെന്നാൽ

ഡോ. ഡി. ബാബു പോൾ

ഡാവിഞ്ചി കോഡും യൂദാസിന്റെ സുവിശേഷവും ജനശ്രദ്ധയിൽ നിൽക്കുമ്പോഴാണ് ഈ വർഷം വിശുദ്ധവാരം വന്നുചേർന്നത്. ഡി.സിക്ക് ഒരു പരസ്യം. ഒപ്പം വിശ്വാസികൾക്ക് ഒരു മുന്നറിയിപ്പും. ഡാവിഞ്ചി കോഡ് ഒരു നോവലാണ്. കപോലകൽപിതകഥ. അത് ആധികാരികമായ ചരിത്രമാണ് എന്ന മട്ടിൽ വ്യാഖ്യാനിക്കാതിരുന്നാൽ ബ്രൗണിന്റെ തന്നെ മറ്റേ പുസ്തകം – "മാലാഖമാരും പിശാചുക്കളും" – പോലെ അത്യന്തം പാരായണക്ഷമമായ ഒരു ത്രില്ലർതന്നെ ഡാവിഞ്ചി കോഡും.

ഇനി അതിൽ പറയുന്നതൊക്കെ ശരിയായാലും – അല്ലെന്ന് കോടങ്കണ്ടത്ത് എന്ന ചരിത്രകാരൻ വാദിച്ച് സ്ഥാപിച്ചിട്ടുണ്ട്- അത് ഡാവിഞ്ചിയുടെ അഭിപ്രായം എന്നേ വരൂ. യൂദാസിന്റെ സുവിശേഷവും ഈ മേഖലയിൽ അൽപമെങ്കിലും പരിചയമുള്ളവർക്ക് ഒരു പുതുമയും പ്രദാനം ചെയ്യുന്നില്ല. യൂദാസിന് അനുകൂലമായി വ്യാഖ്യാനിക്കാവുന്ന രണ്ട് സാഹചര്യങ്ങൾ അംഗീകൃതസുവിശേഷങ്ങളിൽതന്നെയുണ്ട്. ഒന്ന് യൂദാസിന്റെ ഇറങ്ങിപ്പോക്കിന്റെ വേളയിലും മറ്റേത് പശ്ചാത്താപവിവശനായ യൂദാസിന്റെ സംഭ്രമത്തിലും കാണാം. യേശുവിന്റെ പരിപ്രേക്ഷ്യമായി ബൈബിൾ അവതരിപ്പിക്കുന്നതും സഭ പഠിപ്പിക്കുന്നതും ആയിരുന്നില്ല യൂദാസിന്റേത് എന്നതിനാൽ തന്റെ മഹത്വം വെളിപ്പെടുത്താൻ ഗുരുവിനെ നിർബന്ധിതനാക്കുകയായിരുന്നു യൂദാസിന്റെ ലക്ഷ്യം എന്ന ചിന്ത പുതിയതല്ല. യേശുവും അതിനോടൊത്തുനിന്നു എന്നതാണ് വീക്ഷണഭേദം. ഇത്തരം കൃതികൾ വേറെയും ഉണ്ട്. പഴമ അവകാശപ്പെട്ട് ഒടുവിൽ കള്ളിവെളിച്ചത്താവുന്ന ഒരു 'സുവിശേഷ'ത്തെക്കുറിച്ച് ഇംഗ്ലീഷിൽ ഒരു നോവൽ തന്നെ ഉണ്ട്. THE WORD ഒറ്റിക്കൊടുത്ത യൂദാസും തള്ളിപ്പറഞ്ഞ പത്രോസും സമാനമായ തെറ്റുകളാണ് ചെയ്തത്. കുറ്റബോധമുണ്ടായപ്പോൾ പ്രതികരിച്ചതിലാണ് വ്യത്യാസം. നമ്മുടെ കാഴ്ചപ്പാടുകളിലും നടപടികളിലും പിശകുകൾ ഉണ്ടാകാം. ഈശ്വരനോട് മാപ്പിരന്ന് രമ്യപ്പെടുക എന്നതാണ് പരിഹാരം. ആത്മഹത്യയിലൂടെ യൂദാസ് തള്ളിക്കളഞ്ഞ ഈ പരിഹാരം ആത്മരക്ഷക്കായി ഉപയോഗിച്ചതാണ് പത്രോസിന്റെ പാതയെ മഹത്താക്കുന്നത്.

വിശുദ്ധവാരത്തിലെ ഒരു പ്രധാന കഥാപാത്രം പൊന്തിയോസ് പീലാത്തോസ് ആണ്. ക്രിസ്തുവിനെ വധശിക്ഷക്ക് വിധിച്ച ഈ ഭരണാധികാരി പ്രാചീന ക്രൈസ്തവസഭകൾ അനുദിനം ആവർത്തിച്ച് ചൊല്ലുന്ന വിശ്വാസപ്രമാണത്തിൽ പരാമർശിക്കപ്പെടുന്നു എന്നത് വിരോധാഭാസമോ വിധിയുടെ വിനോദമോ? ഒരു നിയോഗം നിറവേറ്റുകയായിരുന്നു എന്ന സൂചനയും പിൽക്കാലത്ത് പീലാത്തോസ് ക്രിസ്ത്യാനിയായി എന്ന ഐതിഹ്യവും (ആഫ്രിക്കൻ കോപ്റ്റിക് ക്രൈസ്തവസഭയിൽ പീലാത്തോസിനെ വിശുദ്ധനായി വണങ്ങുന്നുണ്ട്) ഇതോട് ചേർത്തുവായിക്കാവുന്നതാണ്.

പ്രതി നിരപരാധിയാണ്. പ്രതിയെ തൂക്കിക്കൊല്ലാൻ വിധിക്കുന്നു എന്ന് പറയാൻ പ്രഗല്ഭനായ ഒരു ഭരണാധികാരി എങ്ങനെ നിർബന്ധിതനായി എന്ന് അന്വേഷിക്കുന്നത് കൗതുകകരമായിരിക്കും. എ.ഡി. 26-35 കാലത്താണ് പീലാത്തോസ് ഭരിച്ചത്. പ്രീഫെക്തൂസ് അഥവാ ഹെഗമോൻ എന്നായിരുന്നു ഉദ്യോഗപ്പേര്. 1961 ൽ കൈസറിയയിൽ കണ്ടെത്തിയ ഒരു ശിലാഫലകത്തിലാണ് ഈ ഉദ്യോഗപ്പേര് കാണുന്നത്. അതുവരെ പ്രൊക്യുറേറ്റർ എന്നാണ് അറിയപ്പെട്ടിരുന്നത്. രണ്ടും ശരിയായിരിക്കാം. ഗ്രാമസേവകനും വി.ഇ.ഒയും പോലെ, അധികാരിയും വി.ഒയുംപോലെ! സങ്കീർണ്ണമായ പ്രശ്നങ്ങൾ തലവേദനസൃഷ്ടിച്ചിരുന്ന പ്രദേശമായിരുന്നതിനാൽ അതിപ്രഗല്ഭരെ മാത്രമാണ് ഫലസ്തീൻ ദേശത്ത് ഭരണാധികാരികളാക്കിയിരുന്നത്. ആദ്യത്തെ ഹെഗമോൻ കോപോണിയസ് മുതൽ എല്ലാവരും മറ്റ് പ്രദേശങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ചതിനുശേഷം ഇവിടെ നിയമിക്കപ്പെട്ടവരാണ്. മഹാപുരോഹിതന്റെ നിയമനം മുതൽ ക്രമസമാധാനം വരെ എല്ലാം ചക്രവർത്തി വിശ്വസിച്ച് ഏൽപിച്ചിരുന്ന സ്ഥാനം. പീലാത്തോസിന്റെ ധാർഷ്ട്യവും യഹൂദരുടെ വികൃതികളും ചേർന്നപ്പോൾ അരവും അരവും ചേർന്ന് കിന്നരമായി. തുടക്കത്തിലെ തെറ്റി. സീസർ ദൈവത്വം അവകാശപ്പെട്ടിരുന്നതിനാൽ സീസറിന്റെ ചിത്രം ആലേഖനം ചെയ്ത പതാക (തുണിയല്ല,



ലോഹനിർമ്മിതം) യെരുശലേമിൽ പ്രവേശിപ്പിച്ചിരുന്നില്ല മുൻഗാമികൾ. അധീശശക്തിയോടുള്ള ഈ വെല്ലുവിളി പീലാത്തോസ് ഗൗരവമായി കണ്ടു എന്നാൽ വെട്ടിനിരത്തിയിട്ട് തന്നെ കാര്യം എന്ന മട്ടിൽ പതാകയേന്തിയ അനുചരന്മാരാൽ അനുഗതനായി യെറുശലേമിലേയ്ക്കു വന്ന പീലാത്തോസിനെ യഹൂദർ ഉപരോധിച്ചു. ആറാം ദിവസം പീലാത്തോസ് വഴങ്ങി. ഇത് റോമിൽ ഒരു കറുത്തരേഖയായി. പിന്നെ പീലാത്തോസ് ഒരു നല്ല കാര്യം ചെയ്യാൻപോയി പുലിവാല് പിടിച്ചു.യറുശലേമിലെ ശുദ്ധജലവിതരണം നേരെയാക്കാനുള്ള പ്രവർത്തനങ്ങൾക്കായി ദേവാലയത്തിലെ നേർച്ചപ്പണം പിടിച്ചെടുത്തു. പ്രതിഷേധിച്ചവരെ കുത്തിക്കൊന്നു. ഇതും റോമിലെ ഫയലിൽ സ്ഥാനംപിടിച്ചു. ഒരു നാണയത്തിന്മേൽ ചക്രവർത്തിയുടെ ചിഹ്നം അടിച്ചിറക്കിയതായിരുന്നു മറ്റൊരു പ്രകോപനം. ഇങ്ങനെ മൂന്ന് ഗുലുമാലുകളിൽ കുരുങ്ങിക്കിടന്ന പീലാത്തോസിനെ ഭീഷണിപ്പെടുത്തി കാര്യം നേടുകയായിരുന്നു യഹൂദനേതൃത്വം.

യഹൂദ മതനേതൃത്വമായിരുന്നുവല്ലോ മറ്റൊരു കൂട്ടർ. അവർ ആദ്യം മതപരമായ കുറ്റം ആരോപിച്ചു. എന്നാൽ വധിക്കണമെങ്കിൽ റോമൻ അധികാരിയുടെ ഉത്തരവ് വേണം. അവിടെ ചെന്നപ്പോൾ കേസ് മാറി. കൈസർക്കെതിരെയുള്ള രാജ്യദ്രോഹമായി കുറ്റം. യാഹ്‌വെയല്ലതെ മറ്റാരെയും അംഗീകരിക്കില്ലെന്ന് ശഠിച്ചിരുന്നവരാണ് കൈസറല്ലാതെ ഞങ്ങൾക്ക് മറ്റൊരു രാജവില്ലെന്ന് പീലാത്തോസിനോട് പറഞ്ഞത്. പിന്നെ ജനം ഓശാനനാളിൽ വരവേറ്റത് ഈ തെരഞ്ഞെടുപ്പുകാലത്ത് അച്യുതാനന്ദനെ അണികൾ വരവേൽക്കുമ്പോലെയാണ് പെസഹാവ്യാഴാഴ്ചയും ദുഃഖവെള്ളിയും വന്നപ്പോഴേക്ക് പണ്ടത്തെകൺവീനർ കുഞ്ഞിക്കണ്ണനെ വെട്ടിയ മട്ടായി!

നാം ആരും എല്ലായ്പ്പോഴും ഇതിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെടുന്നവരല്ല. എന്നാൽ നാം എല്ലാവരും ജീവിതത്തിന്റെ ഏതെങ്കിലുമൊക്കെ ഘട്ടങ്ങളിൽ ഇക്കണ്ട മാതൃകകളിൽ ഏതെങ്കിലുമൊക്കെ സ്വീകരിച്ച് പെരുമാറിയിട്ടുള്ളവരാണ്. ചിലപ്പോൾ യൂദാസ്, ചിലപ്പോൾ പത്രോസ്.

പീലാത്തോസായും മഹാപുരോഹിതനായും നാം ജീവിതത്തിൽ വേഷമിടും. കാറ്റത്താടുന്ന ഞാങ്ങണപോലെ ഇന്ന് ഓശാന പാടുകയും നാളെ അവനെ ക്രൂശിക്കുക എന്ന് അട്ടഹസിക്കുകയും ചെയ്യുന്ന അവസ്ഥകളിലൂടെ മാറിമറയും.

മനുഷ്യസ്വഭാവത്തിന്റെ ഈ ബലഹീനത തിരിച്ചറിഞ്ഞ് നമ്മെത്തന്നെ ഈശ്വരനോട് അടുപ്പിക്കാനാണ് ഈ മഹദ്സ്മരണകൾ – നബി. യേശു. മഹാവീരൻ, മോശ-ഉതകേണ്ടത്. കഴിഞ്ഞുപോയ ആഴ്ചയിൽ നാം തിരിച്ചറിഞ്ഞ പഞ്ചമഹാസ്മരണകൾ നമ്മെ അതിന് പ്രാപ്തരാക്കുന്നില്ലെങ്കിൽ അവ വെറും സാമൂഹികാചാരങ്ങളായി അവശേഷിക്കും.

(കടപ്പാട്: മാധ്യമം)

# മനസ്സായി സൗഖ്യമാക്കുക

ഷെവലിയർ പി. കെ പൗലോസ് കുര്യൻ



"ഇവാഞ്ചലിക്കൽ സഭയിലെ രണ്ടു വിഭാഗങ്ങൾക്ക് ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം വ്യത്യസ്ത സഭകളായി പ്രവർത്തിക്കുന്നതിന് ഹൈക്കോടതി അംഗീകാരം നൽകി. തിരുവല്ലാ വിഭാഗം സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇൻഡ്യാ എന്ന പേരിലും കടപ്ര വിഭാഗം സെന്റ് തോമസ് ചർച്ച് ഓഫ് ഇൻഡ്യാ (ഫെല്ലോഷിപ്പ്) എന്ന പേരിലും അറിയപ്പെടും.

ഇരുകൂട്ടരും സമർപ്പിച്ച ഒത്തുതീർപ്പ് ഹർജിയിൽ ഇരുപതോളം വ്യവസ്ഥകൾ മുന്നോട്ടുവെച്ചിരുന്നു. ഒത്തുതീർപ്പ് വ്യവസ്ഥകൾക്ക് കോടതിയുടെ അംഗീകാരവും ലഭിച്ചു. സഭയിൽ കാലാകാലങ്ങളായി വിവിധ കോടതികളിൽ നിലനിന്നിരുന്ന ഇരുപതോളം കേസുകൾ ഇതോടെ തീർപ്പാക്കി. ഇരുവിഭാഗം മെത്രാന്മാരേയും പരസ്പരം അംഗീകരിച്ചിട്ടുണ്ട്".

2002 നവംബർ 27 ന് മലയാള മനോരമ ദിനപത്രത്തിൽ വന്ന വാർത്തയാണ് മേൽ കാണിച്ചിരിക്കുന്നത്. കേരളത്തിലെ മറ്റൊരു സഭയായ സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭയിലെ രണ്ട് വിഭാഗങ്ങൾ തമ്മിൽ വർഷങ്ങളായി നിലനിന്നിരുന്ന തർക്കം പരിഹരിച്ചത് സംബന്ധിച്ച വാർത്തയാണ് ഇത്. കോടതി വിധി കൊണ്ടൊന്നും തങ്ങളുടെ സഭയിലെ തർക്കം ശാശ്വതമായി പരിഹരിക്കപ്പെടുകയില്ലായെന്ന തിരിച്ചറിവാണ് ഇപ്രകാരം വിഭജിച്ച് പിരിഞ്ഞ് തർക്കം പരിഹരിക്കാൻ അവരെ പ്രേരിപ്പിച്ചത്.

മലങ്കര സുറിയാനി സഭയോളം പഴക്കമോ, പാരമ്പര്യമോ ഒന്നും തന്നെ കൈവശപ്പെടുവാൻ ഇല്ലെങ്കിലും സഭാ തർക്കം പരിഹരിക്കുവാൻ സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ തെരഞ്ഞെടുത്ത മാർഗ്ഗം ലോക ക്രൈസ്തവസഭകൾക്ക് തന്നെ മാതൃകയാണ്. ഇപ്രകാരം വിഭജിച്ച് പിരിഞ്ഞ് സഭാ തർക്കം പരിഹരിക്കുവാൻ മന്ത്രിസഭാ ഉപസമിതിയുടെയോ, ഇതര ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാരുടെയോ മറ്റ് ആരുടെയെങ്കിലുമോ പ്രേരണയോ, സമ്മർദ്ദമോ ഒന്നും തന്നെ ഉണ്ടായില്ല. പരിശുദ്ധാത്മനിയോഗം തന്നെയാണ് ഇപ്രകാരമൊരു തീരുമാനത്തിനു പ്രേരകം. മുട്ടിപ്പായ പ്രാർത്ഥനയുടെ ഫലമാണ് ഈ നിയോഗം. തർക്കത്തിൽപ്പെട്ട വിഭാഗത്തെ വിഘടിത ഗ്രൂപ്പ് എന്നു പറഞ്ഞ് ആക്ഷേപിക്കുവാനോ അല്ല, പള്ളികളിലോ, സഭയിലോ ഇവർക്ക് യാതൊരു അവകാശവും ഇല്ലെന്ന് പറഞ്ഞ് ആട്ടിപ്പുറത്താക്കുവാനോഅല്ല ഇവാഞ്ചലിക്കൽ സഭാ നേതൃത്വം ശ്രമിച്ചത്. അവരും തങ്ങളുടെ രക്തത്തിന്റെ ഭാഗമായി കരുതി സഹോദരങ്ങളായി അംഗീകരിച്ച് അവകാശപ്പെട്ടത് വിഭജിച്ച് നൽകി സന്തോഷം പിരിയുകയാണ് ചെയ്തത്. അതാണ് ക്രിസ്തീയത്വം. സഭയിൽ ഭിന്നതകളും പിളർപ്പും ഉണ്ടാകുമ്പോൾ പരസ്പരം ശപിക്കുകയും മുടക്കി മഹറോൻ ചൊല്ലുകയും ചെയ്യുന്ന എല്ലാ ക്രൈസ്തവ സഭകൾക്കും അനുകരിക്കാവുന്ന മാതൃകയാണ് ഈ നടപടി. സഭയുടെ ദൗത്യവും, ദർശനവും, വീക്ഷണവും ക്രിസ്തീയമൂല്യങ്ങളും എല്ലാം ഉൾക്കൊള്ളുവാൻ കഴിയുന്നവർക്കേ ഇത്തരത്തിൽ ക്രൈസ്തവ രീതിയിൽ തർക്കങ്ങൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂ. സുവിശേഷം പ്രസംഗിച്ചിട്ടു കാര്യമില്ല അത് പ്രവർത്തിച്ച് കാണിച്ചുകൊടുക്കണം. സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭാ അതാണ് ഇവിടെ കാണിച്ചിരിക്കുന്നത്.

മലങ്കര സഭാ തർക്കവും ഇതേ രീതിയിൽ പരിഹരിക്കുന്നതിനുള്ള ശ്രമത്തിന് മൂന്ന് പതിറ്റാണ്ടു പഴക്കമുണ്ട് അന്ന് മുഖ്യമന്ത്രി ആയിരുന്ന ശ്രീ അച്യുതമേനോനാണ് അതിന് ശ്രമിച്ചത്. തന്റെ അദ്ധ്യക്ഷതയിൽ ഇരുവിഭാഗം നേതാക്കളെയും പങ്കെടുപ്പിച്ച് നടത്തിയ ചർച്ചകൾക്കൊടുവിൽ തർക്കം പരിഹരിക്കുന്നതിന് അദ്ദേഹം മുന്നോട്ടുവച്ച നിർദ്ദേശമാണ് വിഭജിച്ച് പിരിയുക എന്നത്. ആദ്യം അംഗീകരിച്ച മെത്രാൻകക്ഷി നേതൃത്വം പിന്നീട് അതിൽ നിന്നും പിൻമാറുകയാണ് ചെയ്തത്.

ആലുവാ തൃക്കുന്നത്ത് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ആരാധനാ സ്വാതന്ത്ര്യത്തിനായി 1977-78 കാലയളവിൽ അഭിവന്ദ്യ തോമസ് മാർ ദിവന്നാസിയോസ് തിരുമേനി (ശ്രേഷ്ഠ കാതോലിക്ക ബാവ) ഉപവാസയജ്ഞം നടത്തിയപ്പോൾ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ഉൾപ്പെടെ ഇതര ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാർ സഭാ തർക്കത്തിൽ മദ്ധ്യസ്ഥത വഹിക്കുമെന്ന് അറിയിച്ചു. മെത്രാൻകക്ഷി നേതൃത്വം ഇതിനോട് ക്രിയാത്മകമായി പ്രതീകരിക്കാതിരുന്നതിനാൽ അത് നടന്നില്ല.

സുപ്രീം കോടതി വിധിയെ തുടർന്ന് പലതലത്തിലും, തരത്തിലും ചർച്ചകൾ നടത്തിയെങ്കിലും തർക്കം പരിഹരിക്കപ്പെട്ട് സഭയിൽ യോജിപ്പും സമാധാനവും ഉണ്ടായില്ല. ഇതിനിടെ യാക്കോബായ സഭയിലെ മൂന്നു മെത്രാപ്പോലീത്തമാർ മെത്രാൻകക്ഷി വിഭാഗത്തിലേക്ക് കൂറുമാറിയതോടെ തർക്കം കൂടുതൽ രൂക്ഷമായി. പള്ളികൾ കൈയേറ്റങ്ങൾക്കും സംഘട്ടനങ്ങൾക്കും വേദിയായി മാറി. മൃതശരീരങ്ങൾ വരെ വലിച്ചിഴക്കപ്പെട്ട് അവഹേളിക്കപ്പെട്ടു. സഭാ അന്തരീക്ഷം കൂടുതൽ കലുഷമായി. ഇത്തരത്തിൽ വൈ. എം.സി. എ എറണാകുളം റീജണൽ കമ്മറ്റി മുൻ കൈയ്യെടുത്ത് ചർച്ച് നടത്തിയെങ്കിലും സഭയിൽ യോജിപ്പും സമാധാനവും കൈവരുത്തുവാനായില്ല.

യോജിപ്പ് അസാദ്ധ്യമെന്ന് ബോദ്ധ്യമായപ്പോൾ വിഭജിച്ച് പിരിഞ്ഞ് തർക്കം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റവ. ഡോ. എം. ഒ. ജോൺ മലങ്കര സഭാ ദീപത്തിൽ ഒരു മുഖപ്രസംഗത്തിലൂടെ 1999ൽ അഭ്യർത്ഥിച്ചു. ബഹുമാനപ്പെട്ട അച്ചന്റെ നിർദ്ദേശത്തിന് നേരെ മെത്രാൻകക്ഷികൾ കണ്ണടയ്ക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട അച്ചൻ ഇതിനു പിന്നീട് 'കനത്ത വില' നൽകേണ്ടിവന്നതായിട്ടാണ് അറിയുന്നത്.

തർക്കം പരിഹരിക്കപ്പെടാതെ നീണ്ടുപോയി, കൂടുതൽ സങ്കീർണ്ണവുമായി ഇതര ക്രൈസ്തവ സഭകൾക്കുകൂടി വേദനയും ഭാരവുമായപ്പോൾ തങ്ങൾ ഇതിൽ മദ്ധ്യസ്ഥം വഹിക്കാമെന്ന് ഇതര സഭാദ്ധ്യക്ഷന്മാർ ഇരുവിഭാഗത്തെയും വീണ്ടും അറിയിച്ചു. ഇവരുടെ മദ്ധ്യസ്ഥത സ്വീകരിച്ച് തർക്കം ശാശ്വതമായി പരിഹരിക്കുവാൻ മാതൃഭൂമി ദിനപത്രം 28-02-2002 ൽ ഒരു മുഖപ്രസംഗത്തിലൂടെ ഇരുവിഭാഗത്തോടും ആവശ്യപ്പെട്ടു മെത്രാൻകക്ഷികൾ ഈ നിർദ്ദേശങ്ങൾ തള്ളിക്കളയുകയാണ് ചെയ്തത്. എന്നു മാത്രമല്ല നിർദ്ദേശങ്ങൾ വെച്ചതായ പിതാക്കന്മാരെ പരോക്ഷമായി അവഹേളിക്കുകകൂടി ചെയ്തു. ഈ പിതാക്കന്മാർ ഇതേവരെ എവിടെ ആയിരുന്നുവെന്നും ഇപ്പോൾ സമയം വൈകി ഇരിക്കുന്നു എന്നും ആയിരുന്നു മെത്രാൻകക്ഷിപക്ഷത്തിന്റെ മറുപടി.

തൃലോംഗ്സിംഗ് ചെയർമാനായി പുതിയതായി രൂപീകരിക്കപ്പെട്ട ദേശീയ ന്യൂനപക്ഷ കമ്മീഷൻ സഭാ തർക്കം പരിഹരിക്കുവാൻ ശ്രമം നടത്തി. രണ്ട് സഭകളായി പിരിഞ്ഞ് തർക്കം പരിഹരിക്കണമെന്ന് കമ്മീഷൻ ഇരുവിഭാഗത്തോടും 2003 ൽ അഭ്യർത്ഥിച്ചു. അതിനായി അവർ ഒരു പാക്കേജും മുന്നോട്ട് വച്ചു. എന്നാൽ സഭ ഏകമാണെന്നും വിഭജനം അസാദ്ധ്യമാണെന്നും തർക്കമുള്ളവർ- വിഘടിത ഗ്രൂപ്പാണെന്നും അവർക്ക് ഇടവക പള്ളികളിൽ യാതൊരുവിധ അവകാശമില്ലെന്നും വേണമെങ്കിൽ അവർ സ്വയം സഭയിൽ നിന്നും പുറത്തുപോകണമെന്നും, സഭാ തർക്കം കോടതി വിധിയിലൂടെ തന്നെ പരിഹരിക്കണമെന്നാണ് തങ്ങളുടെ നയമെന്നുമായിരുന്നു മെത്രാൻകക്ഷി നേതൃത്വത്തിന്റെ ഇതു സംബന്ധിച്ചുള്ള പ്രതികരണം (മാതൃഭൂമി 15-06-2003).

2003 ൽ സഭാ തർക്കം പരിഹരിക്കുന്നതിന് സഹായ വാഗ്ദാനം നൽകിയ എറണാകുളം അങ്കമാലി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ തോമസ് ചക്യേത്ത് തിരുമേനിക്ക് ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്താ (കൂറുമാറിയ) പരിഹാസ്യമായ മറുപടിയാണ് നൽകിയത്. മലങ്കര സഭാ തർക്കങ്ങൾ പരിഹരിച്ചുകൊള്ളാമെന്നും കത്തോലിക്കാ സഭയിൽ വേണ്ട പ്രശ്നങ്ങൾ ഉണ്ടെന്നും അവ പരിഹരിക്കുവാൻ ശ്രമിക്കുകയാണെന്നുമായിരുന്നു ഈ മറുപടി.

സുപ്രീം കോടതി വിധി കഴിഞ്ഞിട്ട് പത്ത് വർഷം കഴിഞ്ഞിരിക്കുന്നുവെന്നും സഭാ തർക്കം ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ലയെന്നും, കേസുകൾ ഒഴിവാക്കണമെന്നും ജനം സമാധാനം ആഗ്രഹിക്കുന്നുവെന്നും, വിശദീകരിച്ചുകൊണ്ട് 2005 ഒക്ടോബറിൽ റവ. ഡോ. എം. ഒ. ജോൺ മലങ്കര സഭാദീപത്തിലൂടെ വീണ്ടും ഒരു അഭ്യർത്ഥന നടത്തി. സഭാതർക്ക പരിഹാരത്തിനുള്ള മൂന്നു മാർഗ്ഗങ്ങളിൽ ഓരോന്നും വിശദമായി വിശകലനം ചെയ്ത പ്രായോഗികവും അഭിലഷണീയവുമായ ഏകമാർഗം വിഭജിച്ച് പിരിയുകയെന്നത് മാത്രമാണെന്ന് ബഹു. അച്ചൻ കാര്യകാരണ സഹിതം ഈ ലേഖനത്തിലൂടെ സ്ഥാപിക്കുകയുണ്ടായി. ഇതിനെ എതിർത്ത മെത്രാൻകക്ഷി വിഭാഗത്തിൽ നിന്നുമുണ്ടായ മറുപടിയിൽ രസാവഹമായ ഒരു പരാമർശം ഉണ്ട്. വിഭജിച്ച് പിരിയുകയെന്നത് സഭയിലെ ജനങ്ങളുടെ അഭിപ്രായം മാത്രമാണെന്നും അത് മെത്രാൻകക്ഷി സഭയുടെ ഔദ്യോഗിക നിലപാട് അല്ലായെന്നുമായിരുന്നു ആ പരാമർശം. തർക്കം പരിഹരിക്കുന്നതിന് ഉള്ള

സഭാംഗങ്ങളുടെ അഭിപ്രായത്തിന് എതിരാണ് മെത്രാൻകക്ഷി നേതൃത്വത്തിന്റെ നിലപാട് എന്നല്ലേ ഇതിനർത്ഥം? കൂട്ടത്തിൽ പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവയേയും, സഭാ സെക്രട്ടറിയേയും പരിഹസിക്കുന്നതും സുപ്രീം കോടതിയുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നതുമായ ഗൗരവമായ പരാമർശങ്ങളും ഇതിൽ ഉണ്ട്. വിഭജിച്ച് പിരിഞ്ഞ് തർക്കം തീർക്കുന്നതിനെ എതിർത്തുകൊണ്ട് അക്കമിട്ടു നിരത്തിയിരിക്കുന്ന വാദമുഖങ്ങൾ ഒന്നും തന്നെ നിലനിൽക്കുന്നതല്ല. വിഭജിച്ച് പിരിഞ്ഞാൽ സഭയിൽ കലാപം ഉണ്ടാകുമെന്നാണ് അദ്യത്തെ വാദം. സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭയിലെ രണ്ട് വിഭാഗങ്ങൾ പിരിഞ്ഞപ്പോൾ എങ്ങും ഒരു കലാപം ഉണ്ടായതായി കേട്ടിട്ടില്ല. പ്രശ്നം ചർച്ചകളിലൂടെ പരിഹരിക്കപ്പെടുമ്പോൾ കലാപമല്ല മറിച്ച് സമാധാനവും സന്തോഷവും ആണ് ഉണ്ടാകുക. കലാപം ഉണ്ടാക്കുവാൻ മനഃപൂർവ്വം കച്ചകെട്ടിയിരിക്കുന്നവർക്ക് അതിന് സന്ദർഭമോ സാഹചര്യമോ കാരണമോ ഒന്നും തന്നെ വേണമെന്നില്ല. വിഭജനം പ്രായോഗീകമാകുമ്പോൾ അനവധി കീറാമുട്ടികൾ വന്നു കയറുമെന്നാണ് അടുത്തവാദം. കൂനൻ കുരിശ് സത്യത്തെ തുടർന്ന് കേരള ക്രൈസ്തവ സഭ യാക്കോബായ – കത്തോലിക്കാ സഭകളായി വിഭജിച്ച് പിരിഞ്ഞപ്പോൾ ഒരിടത്തും ഒരു കീറാമുട്ടിയും വന്ന് കയറിയതായി എങ്ങും രേഖപ്പെടുത്തിയിട്ടില്ല. അപ്രകാരം രണ്ട് സഭകളായി പിരിഞ്ഞപ്പോൾ പല സ്ഥലത്തും പഴയ പള്ളികളുടെ സമീപത്തു തന്നെയാണ് പുതിയ പള്ളികൾ സ്ഥാപിച്ചത്. പൂർണ്ണ മനസ്സോടും സന്തോഷത്തോടും കൂടി തന്നെയാണ് അന്ന് ഭാഗിച്ച് പിരിഞ്ഞതെന്നതിന്റെ തെളിവാണ് ഇത്. റോയൽ കോടതിവിധിയെ തുടർന്ന് മർത്തോമാ സഭയുമായിട്ടുള്ള (നവീകരണക്കാർ) തർക്കം പരിഹരിച്ച് പള്ളികൾ വിഭജിച്ച് പിരിഞ്ഞപ്പോൾ സുറിയാനിക്കാർക്കും മാർത്തോമാക്കാർക്കും തുല്യ അംഗബലമായിരുന്ന ചെങ്ങന്നൂർ സുറിയാനി പള്ളിയിൽ ഇപ്പോഴും ഇരുവിഭാഗങ്ങളും തവണവച്ച് തന്നെയല്ലെ ആരാധന നടത്തുന്നത്. നൂറുകൊല്ലം കഴിഞ്ഞിട്ടും അവിടെ ഇതേവരെ ഒരു കലാപവും കീറാമുട്ടിയും ഒന്നും തന്നെ ഉണ്ടായിട്ടില്ലല്ലോ. വിഭജിച്ച് പിരിഞ്ഞാൽ കലാപവും കീറാമുട്ടിയും ഒക്കെയുണ്ടാകുമെന്ന് പറയുന്നത് എതിർപ്പിന് വേണ്ടി മാത്രം പറയുന്ന എതിർപ്പാണ്. മുമ്പ് വിഭജിച്ച് പിരിഞ്ഞപ്പോൾ പള്ളികളോ, സ്വത്തോ നൽകിയിട്ടില്ലായെന്നതാണ് അടുത്ത വാദം. യാക്കോബായ കത്തോലിക്ക സഭകളായി 1553 ൽ വിഭജിച്ച് പിരിഞ്ഞപ്പോൾ ഓരോ വിഭാഗത്തിലും ലഭിച്ച പള്ളികളുടെ ലിസ്റ്റ് സഭാ ചരിത്ര പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിഭജിച്ച് പിരിയുന്നതിന് എതിർക്കുന്ന കൂട്ടത്തിൽ തോമാശ്ലീഹായുടെ മക്കളുടെ പള്ളികളിൽ പത്രോശ്ലീഹായുടെ മക്കൾക്ക് അവകാശമില്ലെന്നും പത്രോസ് ശ്ലീഹായുടെ സിംഹാസനത്തിൽ വിശ്വസിക്കുന്നവരുടെ സ്ഥാനം കത്തോലിക്കാ സഭയിലുമാണെന്നുള്ള പരാമർശങ്ങൾ അസ്ഥാനത്തും, ബാലിശവും, തരംതാണതുമാണ്. മാർത്തോമാ സിംഹാസന വാദികളുടെ മുൻതലമുറക്കാർ ഏത് സിംഹാസനത്തിൽ കീഴിലായിരുന്നുവെന്ന് സൗകര്യപൂർവ്വം ഓർക്കുക.

2005 ൽ ആലുവ തൃക്കുന്നത്ത് സെമിനാരി പ്രശ്നവുമായി ബന്ധപ്പെട്ട് സഭയിൽ സ്ഫോടനാത്മകമായ അന്തരീക്ഷം സംജാതമായപ്പോൾ ദേശീയ ന്യൂനപക്ഷ കമ്മീഷൻ തർക്കപരിഹാരത്തിന് പിന്നെയും ശ്രമിച്ചു. രണ്ട് പ്രത്യേക സഭകളായി പിരിഞ്ഞ് തർക്ക പരിഹാരത്തിന് പിന്നെയും ശ്രമിച്ചു. രണ്ട് പ്രത്യേക സഭകളായി പിരിഞ്ഞ് തർക്കം പരിഹരിക്കണമെന്ന് കമ്മീഷൻ വീണ്ടും അഭ്യർത്ഥിച്ചു. മെത്രാൻകക്ഷികൾ ഈ നിർദ്ദേശത്തെയും തള്ളിക്കളഞ്ഞു. സഭാ ചരിത്രവും മറ്റും വേണ്ടവിധം അറിയാത്തതുകൊണ്ട് വിഭജിച്ച് പിരിയണമെന്ന് ആവശ്യപ്പെടുന്നതെന്നാണ് മെത്രാൻകക്ഷി പക്ഷത്തിന്റെ ഇതു സംബന്ധിച്ച പ്രതികരണം.

1985 ന് മുമ്പ് സഭാ തർക്കം മെത്രാപ്പോലീത്തമാരുടെയും സഭയിലെ മേലേക്കിടയിലുള്ള ഏതാനുംപേരുടെയും കൈകളിൽ മാത്രമായി ഒതുങ്ങി ഇന്ന് സഭാ തർക്കം ജനങ്ങളുടെ കൈകളിലാണ്. പ്രശ്നം പൂർണ്ണമായി ജനകീയ വൽക്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു സഭാ മാനേജിംഗ് കമ്മറ്റി കൂടുന്നിടത്ത് വഴിതടയലും, ധർണ്ണയും പിക്കറ്റിങ്ങും സമ്മർദ്ദങ്ങൾക്ക് വഴങ്ങി കമ്മറ്റി തീരുമാനങ്ങൾ മാറ്റുകയും മരവിപ്പിക്കുകയും ചെയ്യുന്നതായ വാർത്തകൾ പത്രമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നില്ലേ.

വിഭജിച്ച് പിരിയുന്നത് സുപ്രീംകോടതി വിധിക്ക് എതിരാണെന്നും കോടതി ഇത് സമ്മതിക്കുകയില്ലായെന്നുമാണ് അടുത്ത വാദം. വാദിയും പ്രതിയും രമ്യപ്പെട്ട് രാജി ഹർജി നൽകിയാൽ ലോകത്തിൽ ഒരു കോടതിയും അതിനെ എതിർക്കുകയില്ല, എന്നു മാത്രമല്ല ആ നടപടിയെ ഒരു പക്ഷെ കോടതി മുക്തകണ്ഠം പ്രശംസിച്ചെന്ന് വന്നേക്കാം. സുപ്രീം കോടതിയിൽ സഭാ കേസിന്റെ വാദം ആരംഭിക്കുന്നതിന്റെ മുൻപായി കോടതിക്കു പുറത്തുവച്ച് കേസ്സ് പര്യവസാനിപ്പിക്കുന്നതിനെക്കുറിച്ച് കോടതി ഇരുവിഭാഗത്തിന്റെയും അഭിപ്രായം ആരാഞ്ഞുവെന്നും ഓർത്തഡോക്സ് പക്ഷം അതിനെ അനുകൂലിച്ചില്ലായെന്നും അക്കാലത്ത് കേട്ടിട്ടുണ്ട്. സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭയിലെ രണ്ട് വിഭാഗങ്ങൾ ഒത്തുതീർപ്പുമായി ഹൈക്കോടതിയെ സമീപിച്ചപ്പോൾ അതു സാദ്ധ്യമല്ല നിങ്ങൾ കേസ്സുമായി മുന്നോട്ടുപോകുവാൻ കോടതി ആവശ്യപ്പെട്ടില്ലല്ലോ. കോടതികൾ ജനങ്ങളെ ബുദ്ധിമുട്ടിക്കുവാനല്ല സഹായിക്കുവാൻ വേണ്ടിട്ടുള്ളതാണ്.

പരിശുദ്ധ സഖാപ്രഥമൻ/ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ 2000 ലെ സന്ദർശനവേളയിൽ മർത്തോമാ സഭയിലെ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത നടത്തിയ സഭാ യോജിപ്പിനുള്ള ശ്രമങ്ങളും ഓർത്തഡോക്സ് വിഭാഗത്തിന്റെ ചില നിലപാടുകൾ മൂലം വിജയിച്ചില്ല. ശ്രീ. ഇ. കെ നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ സഭാ തർക്കം പരിഹരിക്കുന്നതിന് അഡ്വ. ജനറൽ ശ്രീ. എം. കെ ദാമോദരനെ ചുമതലപ്പെടുത്തുകയുണ്ടായി. അദ്ദേഹം പല ശ്രമങ്ങൾ നടത്തിയിട്ടും സഭയിൽ യോജ്യമായ സമാധാനം ഉണ്ടായില്ല. മുഖ്യമന്ത്രിയായിരുന്നു ശ്രീ. എ. കെ ആന്റണിയും സഭാ തർക്ക പരിഹാരത്തിന് ശ്രമിച്ചു. സർവ്വ ശ്രീ. പി. പി തങ്കച്ചൻ, ഉമ്മൻചാണ്ടി, ടി. എം. ജേക്കബ് എന്നിവരെ ഇതിനു ചുമതലപ്പെടുത്തി. ഇവരുടെ അശ്രാദ്ധ പരിശ്രമവും സഭയിൽ യോജിപ്പിനും സമാധാനത്തിനും ഇടവരുത്തിയില്ല. തർക്കം പരിഹരിച്ച് യോജിപ്പിലൂടെ സഭയിൽ സമാധാനവും ഉണ്ടാക്കുന്നതിനായി ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ , ജസ്റ്റീസ് പി. കെ ഷംസുദീൻ തുടങ്ങി കേരളത്തിലെ സമാദരണീയരായ സാമൂഹ്യ സാംസ്കാരിക നായകന്മാരുടെ ശ്രമവും ഫലവത്തായില്ല.

മുഖ്യമന്ത്രിമാരായ ശ്രീ. എ. കെ ആന്റണിയും, ശ്രീ ഉമ്മൻചാണ്ടി എന്നിവർ സഭാ തർക്കം പരിഹരിക്കുന്നതിന് പ്രത്യേകം പ്രത്യേകം മന്ത്രിസഭ, ഉപസമിതികൾ രൂപീകരിക്കുകയും അവരും വിഭജിച്ച് പിരിയലിലൂടെ സഭയിൽ സമാധാനം കൈവരുത്തുന്നതിന് ഒട്ടേറെ പരിശ്രമങ്ങൾ നടത്തുകയുണ്ടായി. പക്ഷെ അതൊന്നും ഫലവത്തായില്ല.

വിഭജിച്ച് പിരിയുന്നതിനെ മെത്രാൻകക്ഷിവിഭാഗത്തിലെ വടക്കൻ പ്രദേശ നേതൃത്വം എതിർക്കുമെന്ന ബഹുമാനപ്പെട്ട ജോണച്ചന്റെ പരാമർശം തികച്ചും ശരിയാണ്. യാക്കോബായ സഭയിൽ നിന്നും ഓർത്തഡോക്സ് സഭയിലേക്ക് കൂറുമാറിയ മെത്രാപ്പോലീത്തമാരായിരിക്കും വിഭജിച്ച് പിരിയുന്നതിനെ ഏറ്റവും കൂടുതൽ എതിർക്കുന്നത്. വിഭജിച്ച് പിരിയുകയെന്ന് വന്നാൽ തങ്ങളുടെ നിലപാടും, നടപടിയും തെറ്റായി എന്നു വരും. തർക്കം ഈ രീതിയിൽ പരിഹരിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ ഈ മെത്രാപ്പോലീത്തമാർ ഉൾപ്പെടെയുള്ളവരെക്കൊണ്ട് ഓർത്തഡോക്സ് സഭക്ക് ആവശ്യം ഇല്ലാതെയാകും. ഇതോടെ സഭയിൽ ഇവരുടെ സ്ഥാനവും, മാനവും പദവിയും നഷ്ടമായി അവർ സഭയിൽ അധികപ്പറ്റാവും. അതുകൊണ്ട് സഭാതർക്കം എന്നും സജീവമായി നിൽക്കേണ്ടതും നിറുത്തേണ്ടതും ഇവരുടെ ആവശ്യമാണ്. അതിന് വേണ്ടി അവർ വിഭജിച്ച് പിരിഞ്ഞ് സഭാതർക്കം പരിഹരിക്കുന്നതിനെ എന്തുവിലകൊടുത്തും എതിർക്കും. സഭാതർക്കം കൊണ്ട് വിവിധ തലത്തിലും തരത്തിലും സാമ്പത്തികനേട്ടം കൊയ്ത് എടുക്കുന്നവർ ഒട്ടനവധിയാണ്. അവരും വിഭജിച്ച് പിരിഞ്ഞ് തർക്കം പരിഹരിക്കുന്നതിനെ എതിർക്കുമെന്നത് തീർച്ചയാണ്.

സഭാതർക്കം വിഭജിച്ച് പിരിഞ്ഞ് അവസാനിപ്പിക്കുവാനല്ല മറിച്ച് 1958 ലെ പോലെ യാക്കോബായ സഭയുടെ കീഴടങ്ങലിലൂടെയുള്ള ഒരു യോജിപ്പാണ് മെത്രാൻകക്ഷി നേതൃത്വം ആഗ്രഹിക്കുന്നത് ഇനി നടക്കാൻ പോകുന്നില്ല. 1958 ലെ സ്ഥിതിയല്ലാ ഇന്ന്. പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ കീഴിലായിരുന്ന രണ്ട് വിഭാഗങ്ങൾ തമ്മിലായിരുന്നു അന്ന് കേസ്. എന്നാലിത് അടിസ്ഥാന വിശ്വാസം, അചാരാനുഷ്ഠാനങ്ങൾ, നോമ്പ്, പ്രാർത്ഥന, പരമമേലദ്ധ്യക്ഷതാ ഭരണ സംവിധാനം എന്നിവയിൽ വ്യത്യസ്ഥത പുലർത്തുന്ന രണ്ട് സഭകൾ തമ്മിലാണ് കേസ്. യാക്കോബായ സഭ പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിൽ വിശ്വസിക്കുമ്പോൾ ഓർത്തഡോക്സ് സഭാ മാർത്തോമാ സിംഹാസനത്തിലാണ് വിശ്വസിക്കുന്നത്. ഒരേ സമയം ഒരു സഭയിൽ രണ്ട് സിംഹാസനം അംഗീകരിക്കുവാൻ പറ്റുകയില്ലല്ലോ.

പരിശുദ്ധ പാത്രിയാർക്കീസ് ബാവ യാക്കോബായക്കാർക്ക് കാണപ്പെട്ട ദൈവമാണ്. പാത്രിയാർക്കീസ് ബാവ തലവനല്ലാതെയുള്ള ഒരു സഭയെക്കുറിച്ച് ചിന്തിക്കുവാൻ പോലും അവർക്ക് കഴിയുകയില്ല. എന്നാൽ പാത്രിയർക്കീസ് എന്ന വാക്ക് കേൾക്കുന്നതു തന്നെ ഓർത്തഡോക്സ്കാർക്ക് അലർജിയാണ്. അതുപോലെ തന്നെ മാർത്തോമാ സിംഹാസനമെന്ന് കേൾക്കുമ്പോൾ യാക്കോബായക്കാർക്ക് ഹാലിളകും, അന്ത്യോഖ്യൻ നുകം വേണ്ടാ വേണ്ടായെന്ന് മെത്രാൻകക്ഷിക്കാരെക്കൊണ്ട് മൂന്ന് പ്രാവശ്യം ഏറ്റുപറയിച്ച (മലയാള മനോരമ 1-4-1974) മെത്രാപ്പോലീത്ത കാലം ചെയ്തെങ്കിലും ഏറ്റ് പറഞ്ഞ ജനം അത് ഇന്നും മനസ്സിൽ സൂക്ഷിക്കുകയാണ്. അന്ത്യോഖ്യൻ നുകത്തിന്റെ ഭാരം വഹിക്കണമെന്ന് ഇനി ആവശ്യപ്പെട്ടാൽ ആവശ്യപ്പെടുന്നവരെ മെത്രാൻകക്ഷി സഭാംഗങ്ങൾ വെറുതെ വിടുമോ? മാർത്തോമാ സിംഹാസനത്തിനെതിരായി മുദ്രാവാക്യം വിളിപ്പിച്ചിട്ട് ആ സിംഹാസനം അംഗീകരിച്ചുകൊണ്ട് യോജിപ്പിനു ഒരുമ്പെട്ടാൽ യാക്കോബായ സഭാംഗങ്ങൾ അടങ്ങിയിരിക്കുമോ?

സഭാ തർക്കത്തിന്റെ പേരിൽ കുടുംബബന്ധങ്ങൾ അറ്റുപോയിട്ടുണ്ട്, വിവാഹബന്ധങ്ങൾ നടക്കാതെ പോയിട്ടുണ്ട്. ബന്ധ

ങ്ങൾ ശിഥിലമായിപ്പോയിട്ടുണ്ട്, ഭാര്യഭർത്തൃബന്ധങ്ങൾ വരെ തകർന്നുപോയിട്ടുണ്ട് ആത്മഹത്യകളും, മരണങ്ങളും സംഭവിച്ചിട്ടുണ്ട്.

സഭാ തർക്കത്തിന്റെ രൂക്ഷത സാധാരണ സഭാംഗങ്ങളിൽ ആഴത്തിൽ വേരോടിയിട്ടുണ്ട്. അത് അവരുടെ രക്തത്തിൽ അലിഞ്ഞ് ചേർന്ന് കഴിഞ്ഞിരിക്കുകയാണ്. ഇപ്രകാരം വിഭിന്ന ധ്രുവങ്ങളിലായി നിലയുറപ്പിച്ചിരിക്കുന്ന ജനവിഭാഗങ്ങളെ തമ്മിൽ യോജിപ്പിക്കുന്നത് എളുപ്പമല്ല. 1958- ലെപ്പോലെ പാത്രിയർക്കീസ് ബാവായും, കാതോലിക്കാ ബാവയും തമ്മിൽ പരസ്പരം അംഗീകരിച്ചുകൊണ്ട് കല്പനകൾ കൈമാറിയാൽ സഭാതർക്കം പരിഹരിക്കപ്പെടുകയില്ല.

ഈ സാഹചര്യത്തിൽ യോജിപ്പിനേക്കാൾ ആയിരം ഇരട്ടി എളുപ്പവും, പ്രായോഗികവും, അഭിലഷണീയവും 'വിഭജിച്ച് പിരിയുക'യെന്നതുമാത്രമാണ്. കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി ഈ വിഭാഗങ്ങൾ തമ്മിൽ യാതൊരു ബന്ധമില്ലാത്ത രണ്ടു പ്രത്യേക സഭകൾ തന്നെ ആയിട്ടാണ് പ്രവർത്തിച്ചുവരുന്നത്. സഭയ്ക്ക് ആവശ്യമായ എല്ലാ അടിസ്ഥാന കാര്യങ്ങളും ഓരോ വിഭാഗത്തിനുമുണ്ട്. പ്രത്യേകം തലവന്മാർ, സ്ഥാനങ്ങൾ, ഭരണസമിതികൾ, ഭരണഘടനാ, കാനോൻ ഭദ്രാസന മെത്രാപ്പോലീത്തമാർ, ഭദ്രാസന കൗൺസിലുകൾ, വൈദിക സെമിനാരികൾ, സൺഡേ സ്കൂൾ പ്രസ്ഥാനം, ഭക്ത സംഘടനകൾ തുടങ്ങിയതെല്ലാം ഓരോ വിഭാഗത്തിനുമുണ്ട്. ഇടവക പള്ളികളിൽ 99 ശതമാനവും ഭൂരിപക്ഷം നോക്കി ഓരോ വിഭാഗത്തിന്റെയും പക്ഷത്തും അധീനതയിലുമാണ്. അവശേഷിക്കുന്നത് തർക്കത്തെ തുടർന്ന് പൂട്ടികിടക്കുന്ന 19 പള്ളികളുടെ കാര്യം മാത്രമാണ്. വിഭജിച്ച് പിരിയുകയെന്ന തത്വം അംഗീകരിച്ചാൽ പിന്നെ 19 പള്ളികളുടെ കാര്യം വലിയ പ്രശ്നമാകുവാൻ പോകുന്നില്ല.

മലബാർ ഭദ്രാസനത്തിലെ ഒരു പള്ളിയൊഴിച്ച് ബാക്കി എല്ലാ പള്ളികളിലെയും തർക്കം ഇരുവിഭാഗങ്ങളും തമ്മിൽ വിഭജിച്ച് പിരിഞ്ഞ് പരിഹരിച്ചു. അതുപോലെ കോട്ടയം ഭദ്രാസനത്തിലെ പുത്തൻചന്ത സെന്റ്മേരീസ് പള്ളി തർക്കവും വിഭജിച്ച് പിരിഞ്ഞ് തന്നെയാണ് പരിഹരിച്ചത്. ഇക്കാര്യം ബഹു. കോടതി ഇരുഭാഗത്തെ മെത്രാപ്പോലീത്തന്മാരും അംഗീകരിച്ചിട്ടുണ്ട്. ഈ രണ്ട് സ്ഥലങ്ങളിലും തർക്കം പരിഹരിക്കുവാൻ സ്വീകരിച്ച 'വിഭജിച്ചു പിരിയുകയെന്ന'നയം സഭയുടെ പൊതു നയമായി അഗീകരിച്ച് പ്രവർത്തിക്കുവാൻ മെത്രാൻകക്ഷി പക്ഷം തയ്യാറായാൽ വെറും 24 മണിക്കൂറിനകം സഭാതർക്കം പരിഹരിക്കപ്പെടും. മൂന്നു പതിറ്റാണ്ട് മുമ്പ് സി. അച്യുതമേനോൻ നിർദ്ദേശിച്ച പ്രകാരം 'വിഭചിച്ച് പിരിഞ്ഞ്'സഭാതർക്കം പരിഹരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. ദുഃഖകരവും വേദനാജനകവുമായ എത്രയെത്ര സംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. കേസിനും മറ്റുമായി പാഴാക്കിയ കോടികൾ ജനോപകാരപ്രദമായ പല കാര്യങ്ങൾക്കായി വിനിയോഗിക്കാമായിരുന്നു. ഇരു സഭകളും എത്ര മാത്രം വളർന്ന് വികസിക്കുമായിരുന്നു. റോയൽ കോടതി വിധിയെ തുടർന്ന് വിരലിലെണ്ണാവുന്ന പള്ളികളുമായി പിരിഞ്ഞ മാർതോമ്മാസഭയുടെ ഇന്നത്തെ നിലയെന്താണ്. ഭിന്നതകളും വിഭജിച്ച പിരിയലുകളും ക്രൈസ്തവ സഭാ ചരിത്രത്തിൽ പുത്തരിയല്ല. എ. ഡി രണ്ടായിരമാണ്ടായതോടെ രണ്ടായിരത്തിൽ പരം ക്രൈസ്തവ സഭാ വിഭാഗങ്ങൾ ഉണ്ടായിട്ടില്ലേ. ഇതെല്ലാം ഏക സഭയിൽ നിന്നും വിഭജിച്ചു പിരിഞ്ഞുണ്ടായതാണ്. കേരള ക്രൈസ്തവ സഭയിൽ ആദ്യമായി യാക്കോബായ കത്തോലിക്കാ വിഭാഗങ്ങൾ ഉണ്ടായി. യാക്കോബായ സഭയിൽ നിന്നും ആദ്യം മർത്തോമാ സഭയും, പിന്നീട് മലങ്കര കത്തോലിക്കാ സഭയും തുടർന്ന് മലബാർ സ്വതന്ത്ര സുറിയാനിസഭയും ഉണ്ടായി. മർത്തോമാ സഭയിൽ നിന്നും സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭയും അതിൽ നിന്നും സെന്റ് തോമസ് ഇവാഞ്ചലിക്കൽ ഫെല്ലോഷിപ്പ് സഭയും ഉണ്ടായി. യാക്കോബായ സഭ ഇപ്പോൾ യാക്കോബായ-മെത്രാൻകക്ഷി വിഭാഗങ്ങളായി പ്രവർത്തിക്കുന്നു. ഇത് ഇരുസഭകളായി വിഭജിച്ച് പിരിയേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്.

ഇതര ക്രൈസ്തവ സഭകൾക്ക് കൂടി വേദനാജനകവും, അപമാനകരവും സ്വയം അപഹാസ്യരാക്കുന്നതും കേരളത്തിലെ ക്രമസമാധാന നിലയെ ഒരു പരിധിവരെ ബാധിക്കുന്നതുമായ സഭാ തർക്കം ഇനിയും നീട്ടികൊണ്ടുപോകാതെ പരിഹരിക്കണം.

രണ്ടായിരം വർഷം കൂടി കേസ് പറഞ്ഞാലും സഭാ തർക്കം പരിഹരിക്കപ്പെടുവാൻ പോകുന്നില്ല. ഇനിയും വെറുതെ കോടികൾ ധൂർത്തടിക്കാമെന്ന് മാത്രം. അതുകൊണ്ട് കേസ്സും, കോടതിയുമായി ഇനിയും സമയം പാഴാക്കാതെ വിഭജിച്ച് പിരിഞ്ഞ് സഭാ തർക്കം ഈ തലമുറയിൽ തന്നെ പരിഹരിക്കാം.

രണ്ട് സഭകളായി പിരിഞ്ഞാലും യോജിക്കാവുന്ന മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കാമല്ലോ. വിഭജിച്ച് പിരിയുന്നതോടെ മുടക്കും, വിലക്കും തീരുന്നതോടെ കൗദാശിക ബന്ധമുള്ള സഹോദര സഭകളായി ഈ സഭകൾക്ക് തുടരാം. മറ്റ് ഏത് ക്രൈസ്തവ സഭകളേക്കാളും യാക്കോബായ മെത്രാൻകക്ഷി വിഭാഗത്തിനും സംയുക്തമായി പ്രവർത്തിക്കാവുന്നതാണ്.

വിഭജിച്ച് പിരിഞ്ഞ് തർക്കം പരിഹരിക്കുവാൻ മുൻകൈയ്യും,നേതൃത്വവും എടുക്കേണ്ടത് മെത്രാൻകക്ഷി വിഭാഗമാണ്

മെത്രാൻകക്ഷി നേതൃത്വം മനസ്സാകുന്നുവെങ്കിൽ സഭാഗാത്രത്തെ ബാധിച്ചിരിക്കുന്ന തീരാ രോഗത്തിൽ നിന്നും സൗഖ്യമാക്കാൻ കഴിയും മനസ്സായി സൗഖ്യമാക്കുക. അതിനായി പ്രാർത്ഥിക്കുക.

ഷെവ. പി. കെ. പൗലോസ് കൂര്യൻ
പൊയ്ക്കാട്ടുശ്ശേരി
ചെങ്ങമനാട് പി. ഒ
പിൻ- 686 578
ഫോൺ 0984-247571
9847535171

## അറ്റ്ലാന്റാ പള്ളികൂദാശയും കോർഎപ്പിസ്കോപ്പാ സ്ഥാനദാന ശുശ്രൂഷയും



ഇടവകയ്ക്കും

വന്ദ്യ ജോസഫ് സി ജോസഫ് കോർ എപ്പിസ്കോപ്പായ്ക്കും

അഭിനന്ദനങ്ങൾ

*വിശ്വാസസംരക്ഷകൻ പ്രവർത്തകർ*

കൂടുതൽ ചിത്രങ്ങൾ ലഭ്യമാണ്.

http://share.shutterfly.com/action/pictures?a=67b0de21b33b756f84c5&sid=0AaNmzFo3bsWLqQ

**To reflect and... Act.**

**The difference between the poor countries and the rich ones is not the age of the country.**

**This can be shown by countries like India, Egypt & Indonesia,that are more than 2000 years old and are poor.**

**On the other hand, Canada, Australia & New Zealand, that 150 years ago were inexpressive, today are developed countries and are rich.**

**The difference between poor & rich countries does not reside in the available natural resources.**

**Japan has a limited territory, 80% mountainous, inadequate for agriculture & cattle raising, but it is the second world economy. The country is like an immense floating factory, importing raw material from the whole world,and exporting manufactured products.**

**Imports 100% oil &**

**Exports best Cars to the world.**

**Another example is Switzerland, which does not plant cocoa but has the best chocolate of the world. In its little territory they raise animals and plant the soil during 4 months per year. Not enough, they produce dairy products of the best quality. It is a small country that transmits an image of security, order & labor, which made it the world's strong safe.**

**Executives from rich countries who communicate with their counterparts in poor countries show that there is no significant intellectual difference**

**Race or skin color are also not important: immigrants labeled lazy in their countries of origin are the productive power in rich European countries & Americas.**

**What is the difference then?**

**The difference is the attitude of the people, framed along the years by the education & the culture.**

**On analyzing the behavior of the people in rich & developed countries, we find that the great majority follow the following principles in their lives:**

**1. Ethics, as a basic principle.**
**2. Integrity.** **3. Responsibility.**
**4. Respect to the laws & rules.** **5. Respect to the rights of other citizens.**
**6. Work loving.** **7. Strive for saving & investment.**
**8. Will of super action.** **9. Punctuality.**

**In poor countries, only a minority follow these basic principles in their daily life.**

**We are not poor because we lack natural resources or because nature was cruel to us.**

**We are poor because we lack attitude.**
**We lack the will to comply with and teach these functional principles of rich & developed societies.**

**If you do not forward this message nothing will happen to you. Your pet will not die, you will not be fired, you will not have bad luck for seven years and also you will not get sick**

**If you love your country, let this message circulate for a major quantity of people could reflect about this & CHANGE, ACT!!**

***Sent to us by Sri. Mathew Mani***

**Editorial Board**
Very Rev. Kuriakose Corepiscopa Moolayil ( Chairman)
Thomas Danial Cheppaud
Dr. Thomas Joseph
Nibu M. John Chennithala
John Philip Kottapparampil
Biju Kurian Mathew
Manoj Mathew
C.K. Joy
Bibby Abraham Kadavumbhagom (Chief Editor)
editor@viswasasamrakshakan.org
abrahambibby@yahoo.com
Pulickal Kavala, Vazhoor, Kottayam

**Advisory Board**
Chairman: Thampu George Thukalan (Sabha Secretary)
Prof. Chev. M.A. Paulouse
Chev. K.V. Paulouse
Chev. P.K. Paulose Kooran
Dr. Paul Samuel
Sinu P John
Baby Gleeson Zachariah
Chev. Thomas Abraham
Babu Maracheril
Babu Jacob Nadayil
Owned supported by
http://
www. moradaistudycentre.cjb.net
Cheeranchira, Changanacherry
686106, India
USA Addresses: 1995 Parkside Dr. #2N,
Park Rldge, IL 60068 - 1060
email
moolelachen@yahoo.com
http://stgeorgechurchchicago.cjb.net
Tel: 847 635 4795 Cell: 224 522 2656